
LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 സെപ്തംബർ വാല്യം 3 ലക്കം 9

## അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കര സാർ



# വിസിറ്റിംഗ് കാർഡ്



## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

മനുഷ്യസ്നേഹം മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ്. മനുഷ്യൻ തമ്മിൽ വല്ലപ്പോഴും കാണുകയും കേൾക്കുകയും ചെയ്താൽ പോരാ. കൂടെക്കൂടെ കാണുകയും കേൾക്കുകയും ചെയ്യാൻ അവർ അടുത്തടുത്തോ അയൽപക്കത്തോ ഉണ്ടായിരിക്കണം. മാത്രമല്ല, ഒന്നിച്ച് ഹൃദയംതുറന്ന് ചർച്ചകളും പ്രാർത്ഥനയും ഉണ്ടായിരിക്കണം. ഇന്നത്തെ മൊബൈൽഫോൺ വഴിയുള്ള ബന്ധങ്ങളും വാട്സ് ആപ്പ്-ഫെയ്സ്ബുക്ക് ബന്ധങ്ങളും കുറച്ചൊക്കെ ഫലങ്ങളേ ചെയ്യൂ. നേരിട്ടുള്ള ബന്ധങ്ങൾ, നേരിട്ട് തന്നെയായിരിക്കണം. മനുഷ്യബന്ധങ്ങളുടെ സാധ്യതകൾക്ക് അതിരുകളില്ല. എന്നാൽ ആധുനികമനുഷ്യൻ യഥാർത്ഥ മനുഷ്യബന്ധങ്ങളുടെ ശവപ്പറമ്പാണ്.

ഒരു ട്രെയിനിലോ ബസ്സിലോ അടുത്തടുത്ത് സീറ്റിലിരുന്ന് ദിവസങ്ങളോളം യാത്ര ചെയ്താലും പരസ്പരം പരിചയപ്പെടുകപോലും ചെയ്യാത്തവർ അനവധിയുണ്ട്, അല്ലേ?

കച്ചവടമനസ്ഥിതിയോടെ ബന്ധങ്ങളുണ്ടാക്കുന്നവരുണ്ട്. പണത്തിന്റെ അനിയന്ത്രിതമായ ഉപയോഗത്തിനുവേണ്ടി മനുഷ്യബന്ധങ്ങളെ നിലനിർത്തുന്നവരുമുണ്ട്. ചിലർക്കെങ്കിലും ബന്ധങ്ങൾ നിലനിർത്താൻ ഉള്ള മാദ്ധ്യമം മദ്യമാണ്.

സുവിശേഷപ്രസംഗത്തിനുവേണ്ടി ഓസ്ട്രേലിയായ്ക്കും കാനഡായ്ക്കും പോയപ്പോഴുള്ള രണ്ടുമൂന്നനുഭവങ്ങൾ പറയാം. ആളുകളെ രണ്ടാമതൊന്ന് നേരിടുമ്പോൾ, ഹലോയൊ, ഹായ് എന്നോ പറഞ്ഞുകൊണ്ട് ഞാൻ അടുത്തു ചെല്ലുമ്പോൾ അവർക്ക് എന്റെകൂടെ സ്പെന്റ് ചെയ്യാൻ സമയമില്ലാത്തതുകൊണ്ടാണോ, നമ്മൾ പറയുന്നത് കേൾക്കാൻ ആ വിഷയം താല്പര്യമില്ലാത്തതുകൊണ്ടാണോ എന്നറിയില്ല അവർ 'ഒരു വിസിറ്റിംഗ് കാർഡ്' തന്ന് വേഗം എന്നെ 'അവോയ്ഡ്' ചെയ്കയുണ്ടായിട്ടുണ്ട്. മനുഷ്യബന്ധങ്ങൾ!

ഈ എഡിറ്റോറിയൽ എഴുതിക്കൊണ്ടിരിക്കുമ്പോൾ കൂടാരംവില്ലയിൽ പഴയ കമ്പല്ലൂരിലെ സാബുക്കുട്ടൻ വന്നു. ഇപ്പോൾ സാബുക്കുട്ടൻ താമസിക്കുന്നത് നെടുമ്പാശ്ശേരിയിലെ വിമാനത്താവളത്തിനടുത്ത് മാറ്റൂർ എന്ന സ്ഥലത്താണ്. മക്കൾ മൂന്നുപേരും ഭാര്യയും കൂടെയുണ്ട്. സിംഗപ്പൂരിലും തുർക്കിയിലും ജോലി ചെയ്യുന്നു. സാബുക്കുട്ടൻ വിവിധ കപ്പലുകളിലുള്ള ഇലക്ട്രോണികിസ് ഉപകരണങ്ങൽ നന്നാക്കിക്കൊടുക്കുന്ന എഞ്ചിനീയറാണ്. അദ്ദേഹം പറയുകയാണ്, സിംഗപ്പൂരിലെ 8-ാം ക്ലാസ്സ് മുതൽ മിക്ക ആൺകുട്ടികൾക്കും ഗേൾഫ്രണ്ടുണ്ട് (അതുപോലെ പെൺകുട്ടികൾക്ക് ബോയ്ഫ്രണ്ടുമുണ്ട്) എന്ന്. അതൊന്നുമില്ലെങ്കിൽ അതൊക്കെ ഏതോ മാനസികവൈകല്യമുള്ള കുട്ടികളാണ് എന്ന് പൊതുവേ പറയുമെന്ന്. മാനുഷികബന്ധങ്ങൾ നിലനിർത്തി നിലനിർത്തി അവർ പ്രേമാതുരമായി അവിടെ ജീവിക്കുന്നുപോലും. ഒരു പെൺകുട്ടിയുടെ ജീവിതകാലത്ത് പല ചെറുക്കന്മാരെയും ഇതുപോലെ ബന്ധങ്ങൾ നിലനിർത്തുവാൻ കുരുതും എന്നും സാബുക്കുട്ടൻ പറഞ്ഞു.

മനുഷ്യർ, ബന്ധങ്ങളുടെ മന:ശ്ശാസ്ത്രം മനസ്സിലാക്കാനാണ് ദൈവം കുടുംബമായി നരനെയും നാരിയെയും സൃഷ്ടിച്ച് പോറ്റി വളർത്തിയത്. കുടുംബത്തകർച്ചയും വിവാഹമോചനവുമൊക്കെ നല്ല മനുഷ്യബന്ധങ്ങളുടെ അപര്യാപ്തതയിൽ സംഭവിക്കുന്നതാണ്. ഓരോ കുടുംബജീവിതങ്ങളുടെയും വിജയരഹസ്യം അവിടുത്തെ മനുഷ്യബന്ധങ്ങളുടെ ചേർച്ചയിലടങ്ങിയിരിക്കുന്നു. ചിലപ്പോൾ മനുഷ്യബന്ധങ്ങൾ വഷളായി വഷളായി ആത്മഹത്യയിലേക്കും നയിച്ചേക്കാം.

കൃഷിയിൽ നിന്ന് വ്യവസായത്തിലേക്കും, വ്യവസായത്തിൽ നിന്ന് വിവരസാങ്കേതികവിദ്യയിലേക്കും ഉള്ള പ്രയാണം നടന്നുകൊണ്ടിരിക്കുമ്പോൾ ബന്ധങ്ങൾക്ക് സമയമില്ലാതെയായി; ജീവിതം മൊബൈൽ ഫോണിൽ ഒതുങ്ങി ഊർദ്ധ്വം വലിക്കുമ്പോൾ, കിന്റർഗാർട്ടനിലെ കളിപ്പാട്ടങ്ങളോട് കുട്ടികൾക്കുള്ള വൈകാരിക സ്നേഹം പോലത്തെ സ്നേഹം മാത്രമായി ആധുനികമനുഷ്യന്റെ മാനുഷിക ബന്ധം വഷളാകുമ്പോൾ ബന്ധങ്ങളെ വിളക്കിച്ചേർക്കുവാൻ ക്രിസ്തു വന്നാൽ വിജയകരമാകും ജീവിതം.

നല്ല മനുഷ്യബന്ധങ്ങൾ കെട്ടിപ്പടുക്കുവാൻ നാം വിമർശനങ്ങളിൽ നിന്നും ദർശനങ്ങളിലേക്ക് വളരണം. കുറ്റംപറച്ചിലുകളിൽ നിന്നും ക്ഷമിക്കുന്ന സ്നേഹത്തിലേയ്ക്കുയരണം. പിറുപിറുപ്പും ബന്ധങ്ങളെ വഷളാക്കും. പിറുപിറുക്കാൻ നമുക്കവകാശമില്ല. പിറുപിറുത്ത ഒരു ജനതതിയെ നാല്പത് വർഷം നടത്തിയില്ലേ, ദൈവം, മരുഭൂമിയിൽ.●



# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കരസാർ

**ക**ണ്ണൂർജില്ലയിലെ തളിപ്പറമ്പിൽ നിന്നും ആലക്കോടിന് പോകുന്ന വഴിക്കാണ് ദർശന ധ്യാനമന്ദിരം. കാസർഗോഡ് ജില്ലയിലെ മുള്ളേരിയ ഗവൺമെന്റ് ഹൈസ്കൂളിൽ ഒരു അധ്യാപകനായി ജോലി നോക്കിയിരുന്ന 1989-90 കാലഘട്ടത്തിൽ, പ്രസ്തുത ധ്യാന മന്ദിരത്തിൽ അഞ്ച് ദിവസത്തെ ധ്യാനത്തിന് സംബന്ധിക്കുവാൻ ദൈവം എനിക്ക് കൃപ തന്നു.

ആ ഒരാഴ്ച, സത്യദൈവത്തെ കുറച്ചെങ്കിലും അറിയുവാൻ കൃപയാൽ സാധിച്ചു. കുർബ്ബാനക്കും, കുമ്പസാരത്തിനും, പള്ളിയിലെ അച്ചന്മാർക്കും പുണ്യവാള പുണ്യവതീ വണക്കത്തിനും ജപമാല ചൊല്ലലിനും അപ്പുറത്താണ് യഥാർത്ഥ ദൈവമെന്ന് ആര് പറഞ്ഞാലും അത് സ്വീകരിക്കുകയില്ലായിരുന്നു അന്നു വരെ ഞാൻ. ഏതെങ്കിലും പെന്തക്കോസ്ത് പാസ്റ്റർ ബൈബിളുമായോ ബൈബിളിലെ കാര്യങ്ങൾ പറയാനോ എന്നെ സമീപിച്ചാൽ എന്തെങ്കിലും തട്ടാമുട്ടികൾ പറഞ്ഞ് അവരിൽ നിന്നൊഴിവാകുകയേയുള്ളായിരുന്നു അന്ന് ഞാൻ. എന്നാൽ തളിപ്പറമ്പിലെ ആ ബൈബിൾ മീറ്റിംഗിന് ശേഷം ഇന്നു വരെ ഒരു ദിവസംപോലും ബൈബിൾ വായിക്കാതെയും പഠിക്കാതെയും പഠിപ്പിക്കാതെയും ഇരുന്നിട്ടില്ലാ ഞാൻ. കുറഞ്ഞത് നാലഞ്ച് മണിക്കൂർ അങ്ങനെ ചിലവഴിക്കും. പിന്നെ ധ്യാനിച്ചിരുന്ന് എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യും നാലഞ്ച് മണിക്കൂർ ദിവസവും. കൂടാതെ മണിക്കൂറുകൾ മദ്ധ്യസ്ഥ പ്രാർത്ഥനയോ ഏകാന്തപ്രാർത്ഥനയോ പാട്ടുപാടി ആരാധനയിൽ ലയിച്ചിരിക്കുകയോ ചെയ്യും. ഇവ കൂടാതെ സഭാ ശുശ്രൂഷകർക്കുവേണ്ടിയും ദൈവജനത്തിനും രോഗികൾ, ജീവിതദു:ഖങ്ങളിൽ വിഷമിക്കുന്നവർ, മദ്യപാനാദിബന്ധനങ്ങളിൽ കഴിയുന്നവർ മുതലായവർക്കുവേണ്ടിയും വളരെയേറെ സമയം ഉപയോഗിക്കാറുണ്ട്. യാത്രയും ഒത്തിരിയുണ്ട്. ഇതൊന്നും പ്രതിഫലം ഇച്ഛിച്ചല്ലായിരുന്നു എന്നത് ദൈവകൃപയുടെ സത്യസാക്ഷാത്ക്കാരം മാത്രം. ധ്യാനനിയോഗദിവസങ്ങളിൽ ഉച്ചക്ക് രണ്ട് മണി മുതൽ ക്യൂവായിട്ട് ആളുകളെ ഇരുത്തി ഓരോരുത്തരും പറയുന്നതൊക്കെയും നല്ല ക്ഷമയോടെയിരുന്ന് കേട്ട്, അവരുടെ തലിൽ കൈവെപ്പ് പ്രാർത്ഥന നടത്തി ദൈവത്തിൽ നിന്ന് കിട്ടുന്ന മറുപടി ശ്രദ്ധ വെച്ച് കേട്ട് അവരോട് ആ ദൂതുകൾ പറയുന്നത് നേരിട്ടും ടിവിയിലൂടെയും കണ്ടവരും കേട്ടവരും ഇതൊരു അപൂർവ്വവരമാണെന്ന്, ശത്രുതയുള്ളവർ പോലും പറയാതെയിരിക്കുന്നില്ല.

കത്തോലിക്കാ മതത്തിൽ നിന്നും ഞാൻ പോന്നതിന്റെ കാരണം അവിടെയാരും ബൈബിളനുസരിച്ചുള്ള ആത്മീയജീവിതം നയിക്കുന്നില്ലെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. ആദ്യകാലത്ത് വചനം തന്ന വൈദികരോ, കന്യാസ്ത്രീകളോ, ബൈബിളനുസരിച്ചുള്ള ആരാധനാ ജീവിതമല്ല നടത്തുന്നതെന്ന് കണ്ടുപിടിച്ചു ഞാൻ. ഒരു ഭക്തിമയമായ ജീവിതമല്ലാതെ അത്യാവശ്യക്കാരെയോ ആവശ്യക്കാരെയോ കൈ മെയ് മറന്ന് ജീവിക്കുന്ന ശൈലിയും കുറവാണെന്ന് ഞാൻ കണ്ടു. ബ്ലെയ്ഡും മദ്യപാനവും

## CONTENTS


എഡിറ്റോറിയൽ....2
അതിജീവന വിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം....3,4,5,6,10,11
യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു....7,8,9,12,13,14
കഷ്ടതയെ തിരിച്ചറിയുക....15,16,17,18,19,20
കൃപയുടെ ഉറവിടം....21,22,23,24,33
അന്ത്യകാലത്തെക്കുറിച്ചുള്ള മൂന്നു പ്രസ്താവനകൾ....25,26
പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും....27,28,29,30,31,32
വാർത്തകൾ....34
ഇനിയുമൊരു പ്രളയത്തിനു മുൻപ്....35

# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം



ദേവസ്യാ മുല്ലക്കരസാർ

സാർവ്വത്രികമാണെന്നും കണ്ടു. ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനികളാണെന്ന് മനസ്സിലായപ്പോൾ ആ ബിസിനസ്സ് ഞാൻ നിർത്തി. തളിപ്പറമ്പിലെ ആ ധ്യാനാവസരത്തിൽ എന്റെമേൽ പരിശുദ്ധാത്മാവ് വന്നു. എനിക്ക് പാപബോധമുണ്ടാവുകയും പാപം ചെയ്യാതിരിക്കാനുള്ള ബോധം ഉണ്ടാവുകയും ചെയ്തു. എന്തെങ്കിലും കുറവുകൾ സംഭവിച്ചാൽ ആ നിമിഷം തന്നെ പശ്ചാത്തപിച്ച് ക്രിസ്തുവിനെ വിളിക്കുവാനും ക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുവാനും അവന്റെ ആത്മാവിൽ ലയിക്കുവാനും കഴിയുന്നുണ്ടെന്നും ഞാൻ പറയട്ടെ.

ഇപ്പോൾ ചർച്ച് ഓഫ് ഇറ്റേണിറ്റി എന്ന ദൈവസഭയിലെ (ആത്മാഭിഷേകം) ഒരു എളിയ ശുശ്രൂഷകനായി, പൗരോഹിത്യ സഭകളെ ആശ്രയിക്കാതെ ഏക പുരോഹിതനായ ക്രിസ്തുവിന്റെ ആത്മാവിൽ ലയിച്ച് ശുശ്രൂഷാജീവിതം നയിക്കുമ്പോൾ ഞാൻ മനസ്സിലാക്കുന്ന ആദ്ധ്യാത്മികസത്യങ്ങളിൽ ചില കാര്യങ്ങൾ എഴുതിക്കൊള്ളട്ടെ.

1. സുവിശേഷം എന്നത് വിശ്വസിക്കുന്ന സകലർക്കും നിത്യതയിലേക്ക് നയിക്കുന്ന രക്ഷയ്ക്കായുള്ള ദൈവശക്തിയാകുന്നു.

ഇത് റോമാ,1:16,17 വാക്യങ്ങളിലെ സത്തയാണ്. നീതിമാൻ വിശ്വാസത്താൽ ജീവിക്കുമെന്ന ലോകപ്രസിദ്ധമായ തിരുവചനവുമുണ്ട്, ഇതിൽ ഞാൻ മനസ്സിലാക്കുന്ന അർത്ഥതലങ്ങൾ പിന്നാലെയെഴുതാം (പറയാം).

2. വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്ത് യാചിച്ചാലും അത് ലഭിക്കും; പക്ഷേ ദൈവഹിതപ്രകാരമായിരിക്കണം, നമ്മുടെ ആവശ്യങ്ങൾ ഇന്നതെന്ന് തീരുമാനിക്കേണ്ടത്.

മത്താ.21:22 തിരുവചനമാണ് മേലെഴുതിയത്. നമ്മുടെ പരിമിതമായ ബുദ്ധിക്കപ്പുറമായി ദൈവാത്മാവിന്റെ അഭിഷേകം പ്രാപിച്ചശേഷം, ദൈവഹിതംകൂടി തിരക്കി നാം എന്തു ചോദിച്ചാലും തരിക തന്നെ ചെയ്യും.

3. അകത്തെ മനുഷ്യൻ ശക്തനായിരിക്കണം, അടിസ്ഥാനമാനസാന്തരം നേടി, പാപവിമോചനം കരസ്ഥമാക്കിയവനുമായിരിക്കണം.

എഫേ.3:16-19-ൽ നാം ഇങ്ങനെ വായിക്കുന്നു. "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും, വിശ്വാസത്താൽ ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന് വരം നൽകേണമെന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി, അടിസ്ഥാനപ്പെട്ടവരായി അതിന്റെ നീളവും വീതിയും ഉയരവും ആഴവും എന്ത് എന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന, ക്രിസ്തുവിന്റെ സ്നേഹത്തെ, അറിയുവാനും പ്രാപ്തരാവുകയും ദൈവത്തിന്റെ എല്ലാ നിറവിനോടും നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു." പാപവിമോചനം, അവിടുത്തെ രക്തത്താൽ കഴുകപ്പെട്ട് നാം വാങ്ങിയെടുക്കുകയും, വേദപുസ്തകസത്യങ്ങൾ അറിഞ്ഞ് ധൈര്യപ്പെട്ട്, മനുഷ്യന്റെയും പിശാചിന്റെയും മതത്തിന്റെയും വഞ്ചനാപരമായ കള്ളങ്ങളെ (കൂദാശകളെയും മറ്റും) തിരിച്ചറിയുമ്പോൾ, ആന്തരികമനുഷ്യൻ ശക്തിപ്പെട്ട് തുടങ്ങും. ബാക്കി പിന്നെ എഴുതാം.

4. ദൈവം, വിശ്വാസം തരുന്ന ദൈവമാണ്. യേശു ദൈവവും ദൈവപുത്രനുമാണ് എന്ന് വിശ്വസിക്കുന്നവന് മാത്രമേ ലോകത്തെ ജയിക്കാൻ കഴിയുകയുള്ളൂ. 1 യോഹ.5-ൽ 4,5 വചനങ്ങളിലാണ് ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസമാണ് എന്നെഴുതിയിരിക്കുന്നത്. എന്താണ് വിശ്വാസമെന്നും അവിടെ എഴുതിയിരിക്കുന്നു. യേശു ദൈവപുത്രനെന്ന് വിശ്വസിക്കണം. അങ്ങനെയുള്ളവർക്ക് ലോക, പാപ, മോഹ, പൈശാചികബന്ധനങ്ങളെ പരാജയപ്പെടുത്തുവാൻ തീർച്ചയായും സാധിക്കും.

5. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.

റോമാ.10:17-ലാണ് ഈ തിരുവെഴുത്തുള്ളത്. ക്രിസ്തുവിന്റെ വചനമെന്ന് പറയുന്നത് ബൈബിൾ എന്ന അർത്ഥത്തിലാണെങ്കിലും ബൈബിളിലെ പുതിയ നിയമം കൂടുതലും എന്ന അർത്ഥമാണുള്ളത്. പുതിയ നിയമവചനങ്ങൾ കേട്ടും വായിച്ചും പറഞ്ഞും സ്നേഹിച്ചും പ്രാർത്ഥിച്ചുമാണ് നമ്മുടെ വിശ്വാസം വളർത്തിയെടുക്കേണ്ടത്. വചനത്തെ ആക്രമിക്കുന്ന പിശാചിനെ പരാജയപ്പെടുത്തേണ്ടത് വചനത്തെ കൂടുതൽ കൂടുതൽ ധ്യാനിച്ചുകൊണ്ടാണ്.

6. ദൈവം ആത്മാവാകുന്നു അവന്റെ വചനങ്ങൾ ആത്മാവും ജീവനുമാകുന്നു.

യോഹ.4:24-ൽ ദൈവം ആത്മാവാണ്; എന്ന മൗലീകസത്യം പഠിപ്പിക്കുന്നു. ദൈവം ജഡമല്ല, ബിംബമല്ല, വസ്തു അല്ല ആത്മാവാണ്. യോഹ.6:63

# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കരസാർ

-ൽ അവന്റെ വചനങ്ങളാണ് ആത്മാവും ജീവനും എന്ന് പഠിപ്പിക്കുന്നു. താൻ പരിശുദ്ധാത്മാവിലാണെന്ന് പലരും പറയുന്നു. അവരിൽ ചിലർ ഭയങ്കര പ്രവചനവും രോഗശാന്തിശുശ്രൂഷയും ചെയ്യുന്നതായും അവർക്ക് ഒത്തിരി ജനക്കൂട്ടവും പണക്കൂട്ടവും ഉള്ളതായും നാം കാണുന്നു. പക്ഷേ അവന്റെ (ക്രിസ്തുവിന്റെ) വചനങ്ങളാണ് ആത്മാവും ജീവനും. വേറെ ആത്മാവില്ല. അവന്റെ വചനം പഠിച്ച് പ്രാവർത്തികമാക്കാത്തവന്റെ പരിശുദ്ധാത്മാവിനെ സംശയിക്കേണ്ടിയിരിക്കുന്നു. അവർ കള്ളപ്രവാചകന്മാരാണ്.

7. ബൈബിൾ മുഴുവനും ദൈവത്തിന്റെ വാഗ്ദത്തങ്ങളാണ്. ഈ വാഗ്ദത്തങ്ങൾ വിശ്വാസവും ക്ഷമയോടുകൂടിയ ജീവിതവും പ്രാർത്ഥനയും കൊണ്ട് നേടിയെടുക്കാം.

''നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദാനങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരുമെന്ന്'' എബ്രാ.6:12-ൽ പറഞ്ഞിരിക്കുന്നു. നമുക്ക് ദൈവദാനമായ അതിശക്തമായ വിശ്വാസവും ക്ഷമാസ്നേഹവും തുടർച്ചയായ പ്രാർത്ഥനയുമുണ്ടെങ്കിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തമുൾപ്പെടെ സകല വാഗ്ദത്തങ്ങളും പ്രാപിച്ചെടുക്കുവാൻ കഴിയും.

8. യേശു ജീവിച്ചതെങ്ങനെയെല്ലാമാണോ, (കാൽവരിജയം നേടുവാനാവശ്യമായ ക്ഷമാസഹനജീവിതം) അങ്ങനെയങ്ങനെ ജീവിച്ചുകൊണ്ട് പിതാവിനോട് ചോദിച്ച് സകലതും നേടിയതുപോലെ നമ്മുടെയും ജീവിതം യേശുവിന്റേതുപോലെ ആയാൽ അവൻ ചെയ്തതിലും കൂടുതൽ ചെയ്യാം.

യോഹ.14:12-ൽ "ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും, ഞാൻ പിതാവിന്റെയടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" എന്നുണ്ടല്ലോ. യേശു ജീവിച്ചതുപോലെ ജീവിക്കാത്തവർക്ക് യാതൊരു അത്ഭുതവും ചെയ്യാൻ കഴിയുകയില്ല.

9. ക്രിസ്തുവിലുള്ള എണ്ണിയാലൊടുങ്ങാത്ത നന്മകളെന്തെല്ലാമാണെന്ന് മനസ്സിലാക്കിയില്ലെങ്കിൽ ക്രിസ്തു നമുക്കായി കരുതിയിരിക്കുന്ന നന്മകൾ നമുക്ക് ലഭിക്കുകയില്ല.

"കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും നിനക്കുള്ള സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ച് ഞാൻ കേട്ടിട്ട്, നമ്മിലുള്ള എല്ലാ നന്മയുടെയും പരിജ്ഞാനത്താൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ക്രിസ്തുവിനായി സഫലമാകേണ്ടതിന് എന്റെ പ്രാർത്ഥനയിൽ നിന്നെ ഓർത്ത് എപ്പോഴും എന്റെ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" (ഫില.4,5,6).

10. നമ്മുടെ രക്ഷയ്ക്കായും ആവശ്യങ്ങൾക്കായുമുള്ളതെല്ലാം അവൻ കാൽവരിയിൽ നമുക്കൊരുക്കി വെച്ചുകഴിഞ്ഞു. ഇതൊന്ന് വിശ്വസിച്ച് എടുത്തുപയോഗിച്ചാൽ മതി.

യേശ.53:4,5-ൽ, യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, മനുഷ്യകുലത്തിന്റെ പാപങ്ങൾ മാത്രമല്ല, നമ്മുടെ രോഗങ്ങളും അവൻ വഹിച്ചു, എന്ന് എഴുതിയിരിക്കുന്നു. അതുപോലെ സങ്കീർത്തനങ്ങൾ 103:2,3-ൽ "എൻമനമേ യഹോവയെ വാഴ്ത്തുക; എന്റെ സർവ്വാന്തരംഗവുമേ യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങളൊന്നും മറക്കരുത്; അവൻ നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു, നിന്റെ സകല രോഗങ്ങളും സൗഖ്യമാക്കുന്നു." അതായത് നമ്മുടെ പാപക്ഷമയും ശാരീരിക സൗഖ്യവും നമ്മുടെ വീണ്ടെടുപ്പിന്റെ പ്രധാന ഭാഗമാണ്. ഗ്രീക്കുപദമാണ് sozo ഈ വാക്കിന് രക്ഷയെന്നും സൗഖ്യമെന്നും അർത്ഥമുണ്ട്. പാപത്തിൽ നിന്നുള്ള വിടുതലിനായും രോഗസൗഖ്യത്തിനായും പുതിയനിയമത്തിൽ മാറിമാറി സോസൊ എന്ന പദം ഉപയോഗിച്ചിട്ടുണ്ട്.

11. ദൈവത്തിന്റെ മന്ദിരമാകകൊണ്ട് നിങ്ങളുടെ ശരീരത്തെ ഒരിക്കലും ദൈവം നിരസിക്കുകയില്ല. മെഡിക്കൽ സയൻസിന്റെ കണ്ടുപിടുത്തം ഒരിക്കലും ദൈവം തള്ളിക്കളയുകയുമില്ല.

1 കൊരി.3:16,17-ലും 1 കൊരി.6:19 -ലും പറയുന്ന സത്യമാണ്, നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ് എന്നത്. ദൈവത്തിന്റെ മന്ദിരം രോഗത്താൽ അലങ്കോലപ്പെടുവാൻ ദൈവം സമ്മതിക്കില്ല. നല്ല വിശ്വാസിക്ക് രോഗസൗഖ്യം ഉറപ്പാണ്. നല്ല അഭിഷിക്തന് രോഗസൗഖ്യവരം ദൈവം നൽകുക തന്നെ ചെയ്യും.

12. പാപം ദൈവത്തിന്റെ ഹിതമല്ലാത്തതുപോലെ രോഗവും പട്ടിണിയും ദൈവഹിതമല്ല. ക്ഷമയും സൗഖ്യവും ആണ് ദൈവഹിതം. പാപവും രോഗവും ദാരിദ്ര്യവും - അതിന്റെ മൂലകാരണങ്ങൾ സാത്താനിൽ നിന്നുമാണ് വരുന്നത്.

ലൂക്കോ.13:16-ൽ സാത്താൻ പതിനെട്ട് സംവത്സരമായി ബന്ധിച്ചുവച്ചി

# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കരസാർ

രുന്ന ഒരു സ്ത്രീയെ യേശു സുഖപ്പെടുത്തുന്നു. എല്ലാ രോഗികളും രോഗവും സാത്താന്റെ ബന്ധിതാവസ്ഥയാണെന്ന് ഇവിടെ ഉദ്ദേശിക്കുന്നില്ല. യേശു ദൈവത്തിന്റെ ശക്തി ധരിച്ചിരിക്കുന്നു. അത് ബലഹീനരെയും രോഗികളെയും സൗഖ്യമാക്കുവാനും വിടുവിക്കാനും വേണ്ടിയാണ്.

13. നാം രോഗശാന്തിക്കെതിരെ ഒരിക്കലും സംസാരിക്കാതിരിക്കുക, പ്രസംഗിക്കാതിരിക്കുക, രോഗശാന്തിവരപ്രാപ്തർക്കെതിരെ അവഹേളനം അഴിച്ചുവിടാതിരിക്കുക, അപ്പോൾ - അവിടെ സൗഖ്യമുണ്ടാകും. ദൈവപ്രവൃത്തി, അപ്പോൾ, നമുക്ക് കാണാം.

ദൈവം ചെയ്യുന്നതെല്ലാം ക്രിസ്തുവും ചെയ്തു; ക്രിസ്തു ചെയ്തതെല്ലാം അപ്പൊസ്തലന്മാരും ചെയ്തു; ഇവർ ചെയ്യുന്നതെല്ലാം ശക്തമായി വിശ്വസിക്കുന്നവരും ചെയ്യും. പക്ഷേ ഇതിനേക്കാളൊക്കെ വലിയത് യഥാർത്ഥ സ്വർഗ്ഗം കിട്ടുന്നതു വരെ, നിത്യതക്ക് കാരണമായ, വിശ്വാസം വിശുദ്ധി അഭിഷേകം മുതലായവയ്ക്കുവേണ്ടി, അദ്ധ്വാനിക്കുക എന്നതാണ് - അതായത് മറ്റൊരു ക്രിസ്തുവാകുക എന്നതാണ്.

14. ദൈവം തന്റെ സമൃദ്ധിയിൽ നിന്ന് നൽകുന്നു. എത്ര തന്നാലും പിന്നെയും പിന്നെയും അത്രയും അതിലും കൂടുതലും അവിടെയുണ്ട്. ദൈവമാണ് തരുന്നതെങ്കിൽ കണക്ക് ശാസ്ത്രം കണക്കുകൂട്ടുന്നതിനപ്പുറമായിരിക്കും. അങ്ങനെ തരുന്നവനാണ് ദൈവമെന്ന് തെളിയിച്ച മഹാരഥന്മാർ പഴയനിയമത്തിലും പുതിയനിയമത്തിലുമുണ്ട്. അത്തരമൊരു സഭാവിശുദ്ധനാകാൻ കഴിയത്തക്കവണ്ണം ദൈവത്തിൽ നിന്ന് വാങ്ങിയതിന്റെ സത്യസാക്ഷ്യം നിനക്കു പറയാമോ?

ഫിലി.4:19-ൽ "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിങ്കൽ പൂർണ്ണമായി തീർത്തുതരും", എന്നെഴുതിയിട്ടുണ്ടല്ലോ. ഏദനിലായിരുന്നു ആദവും ഹവ്വയും. ഏദൻ എന്ന വാക്കിന്റെ അർത്ഥം സമൃദ്ധി എന്നുതന്നെയാണ്. സമൃദ്ധിയിലേക്കാണ് നമ്മെയെല്ലാവരെയും ദൈവം വിളിക്കുന്നത്. നമുക്കാവശ്യമുള്ളതിലും അധികമധികം ഉണ്ടാവുകയും അനേകർക്ക് നൽകാനിടവരികയും ചെയ്യണമെന്നതാണ് ഉദ്ദേശിക്കുന്നത്. പണം മാത്രമല്ല,, സമയം, ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, താല്പര്യങ്ങൾ, കല, സാഹിത്യം, പരിജ്ഞാനം മുതലായവയൊക്കെ സമൃദ്ധിയുടെ ലിസ്റ്റിൽ പെടും. ക്രിസ്തു സകലതിന്റെയും സമൃദ്ധിയുടെ കൊടുമുടിയിൽ ആയിരുന്നു. വീണ്ടുംജനനം പ്രാപിക്കുകയേ വേണ്ടൂ. നാമും പലതിന്റെയും സമൃദ്ധിയിലാകും. യോഹ.10:10 അനുസരിച്ച് സാത്താൻ, മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കാനും വരുമ്പോൾ ദൈവമായ ക്രിസ്തു സമൃദ്ധമായ ജീവൻ നൽകാൻ വരുന്നു.

15. ധനത്തിനോടുള്ള അതിരുകടന്ന (1 തിമൊ.6:9,10) ആഗ്രഹമാണ് പാപം. പണമുപയോഗിച്ച് സുവിശേഷവും സ്നേഹവും വളർത്തുവാൻ സാധിക്കും. നമുക്ക് ദൈവത്തെയും പണത്തെയും ഒന്നിച്ച് സ്നേഹിക്കുവാൻ കഴിയുകയില്ല. എന്നാൽ നമുക്കുള്ള സമ്പത്തുകൊണ്ട് തീർച്ചയായും യേശുവിനെയും പാവപ്പെട്ടവനെയും സ്നേഹിക്കാൻ കഴിയും. നമ്മൾ എന്തെങ്കിലും സമ്പാദിച്ച് കൈവശം വെയ്ക്കുന്നതിനെയല്ല യേശു എതിർക്കുന്നത്. പിന്നെയോ ആ സമ്പത്ത് നമ്മുടെമേൽ ആധിപത്യം പുലർത്തുന്നതിനെയാണ്.

യേശു ഇങ്ങനെ പറഞ്ഞിരിക്കുന്നു, "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടൊ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ ലോകത്തിൽ തന്നെ, ഉപദ്രവങ്ങളോടുംകൂടെ, നൂറ് മടങ്ങ് വീടുകളെയും, സഹോദരന്മാരെയും, സഹോദരികളെയും, അമ്മമാരെയും മക്കളെയും, നിലങ്ങളെയും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരുമില്ല" (മർക്കോ.10:30).

16. സ്നഹമില്ലാതെയുള്ള മനുഷ്യന്റെ വാഗ്വിലാസവും അന്യഭാഷകളിൽ സംസാരിക്കുന്നതും ദർശനപ്രവചനങ്ങൾ

(ശേഷം 10-ാം പേജിൽ)

**"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിങ്കൽ പൂർണ്ണമായി തീർത്തുതരും" (ഫിലി.4:19)**



# യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു

പാ.ടോമിച്ചൻ വട്ടപ്പാറയിൽ (ചർച്ച് ഓഫ് ഇറ്റേണിറ്റി കോട്ടയം, 9744655214)

മതങ്ങളിൽ പഠനവിഷയമാക്കാത്തതും (കൃത്യമായ രക്ഷാമാർഗ്ഗങ്ങളെ) അറിയിക്കുവാൻ സാധിക്കാത്തതുമായ നിരവധി കാര്യങ്ങൾ ബൈബിളിൽ സൂക്ഷ്മതയോടെ വിവരിച്ചിട്ടുണ്ട്. അതിലൊന്നാണ് യേശുക്രിസ്തു എങ്ങനെ പാപികളെ രക്ഷിക്കുന്നു എന്നത്. ബൈബിളിന്റെ കേന്ദ്രസ്ഥാനീയമായ പഠിപ്പിക്കൽ കാൽവരിക്രൂശിൽ യേശുക്രിസ്തു മരിച്ചത് പാപികളെ രക്ഷിക്കുവാൻ വേണ്ടിയാണ് എന്നത് തന്നെയാണ്. ലോകമെമ്പാടുമുള്ള ക്രൈസ്തവർ മുറുകെ പിടിക്കുന്ന സത്യവും ഇതുതന്നെയാണ്. ഒരുപക്ഷേ ക്രൈസ്തവഗോളത്തിലുൾപ്പെടെ പലരും ഇതിനെ പൂർണ്ണ അർത്ഥത്തിൽ സ്വീകരിച്ചിട്ടില്ലെങ്കിലും ഒരു യഥാർത്ഥ ക്രിസ്ത്യാനി നിലനിൽക്കുന്നത് തന്നെ ക്രിസ്തുയേശുവിന്റെ പ്രായശ്ചിത്തമരണത്തിന്റ പശ്ചാത്തലത്തിലാണ്. ചിലർക്ക് ക്രൂശിന്റെ സന്ദേശം ഒരു ഭോഷത്തമായി പോലും തോന്നുന്നതിന്റെ യഥാർത്ഥ കാരണം എന്താണെന്ന് ബൈബിൾ തന്നെ മറുപടി പറയുന്നു; "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്തവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും (dunamis) ആകുന്നു." "ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബലമാക്കുകയും ചെയ്യും" എന്നെഴുതിയിരിക്കുന്നുവല്ലോ. "ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിന്റെ താർക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്തമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ദൈവത്തെ അറിയായ്കകൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്തത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി. യഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്തവുമെങ്കിലും യഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നെ. ദൈവത്തിന്റെ ഭോഷത്തം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു" (1 കൊരി.1:18-25).

ക്രിസ്തുവിശ്വാസിയായ ഒരാൾ ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ട സന്ദേശം ഇതാണ്. കാൽവരിക്രൂശ് എന്ന മഹത്സംഭവം "ദൈവത്തിന്റെ ജ്ഞാനവും ദൈവത്തിന്റ ശക്തിയും" ഉൾക്കൊള്ളുന്ന സന്ദേശമാണ്. മതങ്ങൾ അഭിപ്രായങ്ങളുൾപ്പെടുന്ന മാനുഷിക ഭരണസംവിധാനങ്ങളാണ് (Religion=man's effort to reach God). ദൈവത്തിന്റ സന്ദേശം ദൈവം അതിന് നിയോഗിക്കപ്പെട്ടവരിലൂടെ മനുഷ്യർക്ക് കൈമാറി. അതാണ് വരമൊഴിയായി നമ്മുടെ കൈകളിൽ എത്തപ്പെട്ട ബൈബിളിലുള്ളത്. ലോകത്തിലുള്ള മറ്റേതൊരു ഗ്രന്ഥത്തിനും കാലങ്ങൾ മുമ്പോട്ട് പോകുമ്പോൾ തിരുത്തലുകളും മാറ്റങ്ങളും അനിവാര്യമായി വരും. എന്നാൽ തിരുവെഴുത്തുകൾ ദൈവശ്വാസീയവും തെറ്റുപറ്റാത്തവയുമാണ്. കാരണം ഇതിന്റെ ഗ്രന്ഥകർത്താവ് ദൈവം തന്നെയാണ്.

"യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചുനോക്കുവിൻ, അവയിലൊന്നും കാണാതെയിരിക്കുകയില്ല; ഒന്നിനും ഇണയില്ലാതെയിരിക്കുകയുമില്ല, അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മാവ് അത്രെ അവയെ കൂട്ടിവരുത്തിയത്" (യേശ.34:16). "............... തിരുവെഴുത്തുകൾക്കു നീക്കം വന്നുകൂടായല്ലൊ (and the scripture can't be broken) (യോഹ.10:35). യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവൃത്തികളെക്കുറിച്ച് ചിന്തിക്കുമ്പോൾ യേശുക്രിസ്തു എന്തിനാണ് ജഡാവതാരം പൂണ്ട് (God was manifest in the flesh 1 തിമൊ.3:16) ഈ ഭൂമിയിൽ വന്നത് എന്ന് നാം ആദ്യമേ തന്നെ ചിന്തിക്കുവാൻ നിർബന്ധിതരാകുന്നു. താഴെയുള്ള വചനഭാഗങ്ങളെ വായിക്കുമല്ലോ.

"ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലായിടത്തും ഞങ്ങളെക്കൊണ്ട് തന്റെ പരിജ്ഞാനത്തിന്റെ വാസന വെളി



# യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു

പാ.ടോമിച്ചൻ വട്ടപ്പാറയിൽ

പ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന് സ്തോത്രം. രക്ഷിക്കപ്പെടുന്നവരുടെ ഇട യിലും (who are being saved) നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന് സൗരഭ്യവാസനയാകുന്നു. ഇവർക്ക് മരണത്തിൽ നിന്ന് മരണത്തി ലേക്കുള്ള വാസന, അവർക്കോ ജീവ നിൽ നിന്ന് ജീവങ്കലേക്കുള്ള വാസന തന്നെ" (2 കൊരി.2:14-16).

"ചിലർ താമസമെന്ന് വിചാരി ക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിക്കാൻ താമസിക്കു ന്നില്ല. ആരും നശിച്ചുപോകാതെ എല്ലാ വരും മാനസാന്തരപ്പെവാൻ ഇച്ഛിച്ച് നിങ്ങ ളോട് ദീർഘക്ഷമ കാണിക്കുന്നതേയു ള്ളു" (2 പത്രൊ.3:9).

ഈ രണ്ട് വേദഭാഗങ്ങളെ ശ്രദ്ധ യോടെ പഠിച്ചാൽ രണ്ട് വിഭാഗം ജന ങ്ങളേ ഈ ഭൂമിയിലുള്ളു. ഒന്നാം വിഭാ ഗം, രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നവർ (യേശുക്രിസ്തുവിന്റെ ക്രൂശിൽ അഭയം പ്രാപിച്ചവർ), രണ്ടാം വിഭാഗം നശിച്ചു പോകുന്നവർ (രക്ഷയ്ക്കായി ദൈവം ആവിഷ്ക്കരിച്ച പദ്ധതിയിലേക്ക് വരാ തെ പാപമാർഗ്ഗത്തിലും ലോകമാർഗ്ഗ ത്തിലും മതമാർഗ്ഗത്തിലും വ്യാപരിക്കുന്ന വർ). നിത്യജീവന് അവകാശികളായ വരും നിത്യനരകാഗ്നിക്ക് അർഹരായവ രും.

യഥാർത്ഥ ക്രിസ്തുവിനെ ലഭി ക്കാത്തവരെല്ലാം നാശത്തിന്റെ പാതയി ലാണ്. യഥാർത്ഥ ക്രിസ്തു എന്ന് പറ യുന്നതിന്റെ കാരണം നമുക്കറിവുള്ളതാ ണല്ലോ. വേദപുസ്തകത്തിൽ എന്തുകൊ ണ്ടാണ് മനുഷ്യൻ നശിച്ചുപോകുന്ന തെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. "ജ്ഞാനികൾ എന്ന് പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയ മുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യ മായി മാറ്റിക്കളഞ്ഞു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കള ഞ്ഞു. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ'' (റോ മ.1:22,23,25).

മാനവകുലത്തിൽ പാപം രംഗപ്ര വേശം ചെയ്തത് ആദാം - ഹവ്വാമാരി ലൂടെയാണ്. നാം ജീവിക്കുന്ന ഈ അന്ത്യകാലഘട്ടത്തിൽ ദൈവത്തിന്റെ ന്യായവിധിക്കായി ലോകം ഒരുങ്ങിക്കഴി ഞ്ഞിരിക്കുകയാണ്. പാപം അതിന്റെ എല്ലാ അവാന്തരവിഭാഗങ്ങളുമായി ലോകത്തിൽ കളം നിറഞ്ഞാടുകയാണ്. പാപത്തിന്റെ യഥാർത്ഥ ഉറവിടം നമ്മിൽ തന്നെയാണ്. ദൈവത്തെ മഹത്വപ്പെടു ത്തേണ്ടതിന് പകരം നമ്മെത്തന്നെ സേവിക്കാനുള്ള അത്യാഗ്രഹം! ആദാം- ഹവ്വാമാരിലൂടെ നമ്മിലേക്ക് കടന്നുവന്ന ഈ പ്രകൃതിയെ യേശുക്രിസ്തുവിന്റെ രക്തത്താലും വചനത്താലും ആത്മാവി നാലും മാറ്റിയെടുക്കുന്നില്ലെങ്കിൽ നാം ദു:ഖിതരാകും; വഞ്ചിതരാകരുത്.

"എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതെന്റെ അവയവങ്ങളി ലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധ നാക്കിക്കളയുന്നു" (റോമ.7:23).

നമ്മളിലുള്ള പാപപ്രകൃതം മാറി ദൈവീകസ്വഭാവം നിറഞ്ഞാലേ നാം രക്ഷയുടെ പടവുകൾ താണ്ടുന്നു എന്ന് പറയുവാൻ കഴിയുകയുള്ളു.

നമ്മുടെ ഉദ്ദേശങ്ങളും മാർഗ്ഗ ങ്ങളും നല്ലതായിരുന്നേക്കാം; എന്നാൽ നമ്മിലെ ആദാമ്യപ്രകൃതി നമ്മെ തെറ്റി ച്ചുകളഞ്ഞേക്കാം. നമുക്കിവിടെ ഒരു സ്വഭാവരൂപാന്തരമല്ല ആവശ്യം, വീണ്ടും ജനനമാണ് (യോഹ.3:3,5).

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴ യത് കഴിഞ്ഞുപോയി, ഇതാ അത് പുതു തായി തീർന്നിരിക്കുന്നു" (2 കൊരി.5:17). "മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതി മോഹങ്ങളാൽ വഷളായിപ്പോകുന്ന പഴ യമനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെയു ള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫല മായ നീതിയിലും വിശുദ്ധിയിലും ദൈവാ നുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനു ഷ്യനെ ധരിച്ചുകൊൾവ്വിൻ'' (എ ഫേ.4:23,24).

## എന്താണ് ഈ പ്രശ്നങ്ങൾക്ക് ഒരു പരിഹാരം ?

പാപങ്ങളിൽ നിന്ന് നമ്മെ രക്ഷി ക്കുവാൻ തത്വശാസ്ത്രങ്ങൾക്കും ആചാ രാനുഷ്ഠാനങ്ങൾക്കും സാധ്യമല്ല. വേദ പുസ്തകം മനുഷ്യന്റെ പാപപ്രശ്ന ങ്ങൾക്ക് അനാദികാലം മുതൽ ചൂണ്ടി ക്കാണിക്കുന്നത് ഒരു രക്ഷകനെയാണ് (ഉ ല്പ.3:15). "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി ന്യായ പ്രമാണത്തിൻ കീഴിൽ ജനിച്ചവനായി നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണ ത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങി യിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനു



# യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു

പാ.ടോമിച്ചൻ വട്ടപ്പാറയിൽ

തന്നെ" (ഗലാ.4:4,5). "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിക്കുവാൻ യോഗ്യവുമായ വചനം തന്നെ; ആ പാപികളിൽ ഞാൻ ഒന്നാമൻ'' (1 തിമൊ.1:15). യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം രക്ഷകനല്ല; **അവിടുന്ന് ലോകരക്ഷിതാവാണ്** (യോഹ.3:16,17). ദൈവസ്നേഹത്തിന്റെ അതിശക്തമായ തുടിപ്പുകളാണ് കാൽവരിക്രൂശിലെ യാഗത്തിലൂടെ സ്വർഗ്ഗം ആവിഷ്ക്കരിച്ചിരിക്കുന്നത്. കാൽവരിയിൽ പ്രദർശിപ്പിക്കപ്പെട്ടത് മനുഷ്യരാശിയോടുള്ള അവിടുത്തെ അടങ്ങാത്ത സ്നേഹത്തെയാണ് (റോമ.5:8). പാപത്തിന്റെ ശിക്ഷയിൽ നിന്ന് വിടുവിക്കാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗമേ സാക്ഷാൽ ദൈവം ഒരുക്കിയിട്ടുള്ളു. ആ മാർഗ്ഗം ക്രിസ്തു തന്നെയാണ്; ക്രിസ്തു മാത്രമാണ് (യോഹ.14:6).

അപ്പൊസ്തലനായ പൗലൊസ് ദൈവീകവെളിപ്പാടുകളാലാണ് ഈ യഥാർത്ഥ രക്ഷകനെക്കുറിച്ചും നിത്യജീവനെക്കുറിച്ചും അറിഞ്ഞത്. അദ്ദേഹം ദൈവസ്നേഹത്തിന്റെ ആഴങ്ങളെക്കുറിച്ച് അതിശക്തമായ അനുഭവങ്ങൾ പ്രാപിച്ചപ്പോൾ തന്നെക്കുറിച്ച് വിവരിക്കുന്നത് ശ്രദ്ധിക്കുക: "സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക്" (എഫേ.3:8) "ഞാൻ അപ്പൊസ്തലന്മാരിൽ ഏറ്റവും ചെറിയവനല്ലോ; ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിന് യോഗ്യനുമല്ല'' (1 കൊരി.15:9). "ആ പാപികളിൽ ഞാൻ ഒന്നാമൻ" (1 തിമൊ.1:15). തന്നെത്താൻ താഴ്ത്തിയാൽ മനുഷ്യർ തന്നെ കൂടുതൽ മാനിക്കുമെന്നോ മാനിക്കണമെന്നോ കരുതിയല്ല ഈ മഹാനായ മനുഷ്യൻ ഇപ്രകാരം പറയുന്നത്; മറിച്ച് കാൽവരി ക്രൂശിലൂടെ ഉയർത്തപ്പെട്ട ദൈവസ്നേഹത്തിന്റെ കൊടി കണ്ടതുകൊണ്ടും ക്രിസ്തുവിന്റെ മഹത്വം ദർശിച്ചതുകൊണ്ടുമാണ്. നാം തന്നെയും ഈ താഴ്ചയുടെ മനോഭാവം ധരിച്ചും രക്ഷാകരമായ ഒരു ദുഃഖം ജീവിതത്തിൽ സൂക്ഷിച്ചും (പാപത്തോടുള്ള ബന്ധത്തിൽ) സുവിശേഷം നൽകുന്ന ഉത്തമമായ കൃപകൾ പ്രാപിക്കുവാൻ ശ്രമിക്കണമെന്നതാണ് പാഠഭേദം.

ലൂക്കോ.15-ൽ ഒരു അപ്പന്റെ രണ്ട് മക്കളിൽ ഇളയ മകൻ സ്വത്തെല്ലാം ചോദിച്ചുവാങ്ങി ദൂരദേശത്തേക്ക് പോയി ധൂർത്തടിച്ചു ജീവിച്ചു. എല്ലാം നഷ്ടപ്പെട്ട് ആശ്രയിക്കുവാനാരുമില്ലാതെ വന്നപ്പോൾ തികഞ്ഞ പാപബോധത്തോടെ (സുബോധം വന്നു) അപ്പന്റെ അടുക്കലേക്ക് മടങ്ങിവന്നു. താൻ ചെയ്ത പാപം ഏറ്റു പറഞ്ഞ് നിരപ്പ് പ്രാപിക്കുവാനും ഒരു ദാസനായിട്ടെങ്കിലും തന്നെ സ്വീകരിക്കുമെന്ന ആഗ്രഹത്തോടെ (തികച്ചും യാതൊരു മേന്മയും പറയുവാൻ ഇല്ലാത്ത മനോഭാവത്തോടെ) മടങ്ങിവന്നപ്പോൾ ആ സ്നേഹപിതാവ് തികച്ചും തന്റെ മകനായിത്തന്നെ സ്വീകരിച്ച് ഭവനത്തിൽ നഷ്ടപ്പെട്ടുപോയ മകനെ കണ്ടുകിട്ടിയതുപോലെയും മരിച്ച മകന് ജീവൻ കിട്ടിയതുപോലെയും ആനന്ദിച്ചു തുടങ്ങി. എന്നാൽ മൂത്തമകൻ വയലിൽ നിന്ന് വീടിനോടടുത്തപ്പോൾ ഈ ശബ്ദഘോഷങ്ങൾ കേട്ടപ്പോൾ കാര്യമന്വേഷിച്ചു. അവന് കോപമുണ്ടായി, തടിപ്പിച്ച കാളക്കുട്ടിയെ അറുത്തു എന്ന് പറഞ്ഞ് പിറുപിറുത്തു, അകത്ത് കടപ്പാൻ മനസ്സില്ലാതെ നിന്നു. എന്നിട്ട് അപ്പനോട് പറഞ്ഞു; "എത്ര കാലമായി ഞാൻ നിന്നെ സേവിക്കുന്നു (legality); നിന്റെ കല്പന ഒരിക്കലും ലംഘിച്ചിട്ടില്ല (Pride); എന്നാൽ എന്റെ ചങ്ങാതികളുമായി ആനന്ദിക്കേണ്ടതിന് നീ ഒരിക്കലും എനിക്ക് ഒരു ആട്ടിൻകുട്ടിയെ തന്നിട്ടില്ല'' (ശരീരംകൊണ്ട് വീട്ടിലെങ്കിലും മനസ്സുമുഴുവൻ ലോകത്തിൽ) (ലൂക്ക.15:11-31). മൂത്തമകനെയും ഇളയമകനെയും യേശുക്രിസ്തു വരച്ചുകാട്ടുന്നത് വളരെ സുവ്യക്തമായും നമുക്കുണ്ടാകേണ്ട മനോഭാവത്തെ വെളിപ്പെടുത്തുവാനാണ്.

"നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല. ഒരു വ്യത്യാസവുമില്ല." "എല്ലാവരും ഒരുപോലെ പാപം ചെയ്ത് ദൈവതേജസ്സില്ലാത്തവരായിത്തീർന്നു'' (റോമ.3:10,12,23). "പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിലില്ല" (സഭാ.7:20). "ആകയാൽ എന്ത്? നമുക്ക് വിശേഷതയുണ്ടോ? അശ്ശേഷമില്ല; യഹൂദന്മാരും യനവന്മാരും ഒരുപോലെ പാപത്തിൻകീഴാകുന്നു എന്നു നാം തെളിയിച്ചുവല്ലോ" (റോമ.3:9). "എങ്കിലും വിശ്വസിക്കുന്നവർക്ക് വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിന് തിരുവെഴുത്ത് എല്ലാവരെയും പാപത്തിൻ കീഴ് അടച്ചുകളഞ്ഞു'' (ഗലാ.3:22). "നമുക്ക് പാപമില്ല എന്ന് നാം പറയുന്നു

(ശേഷം 12-ാം പേജിൽ)

# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കരസാർ

(6-ാം പേജിൽ നിന്നും തുടർച്ച)

പറഞ്ഞുംകൊണ്ടുള്ളതൊക്കെയായ ആത്മീയജീവിതം ദൈവത്തിരുമുമ്പിൽ അസ്വീകാര്യമാണ്. സകല രഹസ്യങ്ങളുടെയും ആഴമറിഞ്ഞാലും മലകളെ നീക്കുവാൻ തക്കവിശ്വാസമുണ്ടായാലും സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല.

"ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്ക് പ്രവചനവരമുണ്ടായിട്ട് സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹമില്ല എങ്കിൽ എനിക്കൊരു പ്രയോജനവുമില്ല" (1 കൊരി.13:1,2,3). അതായത് നിത്യതക്ക് ഏറ്റവും അത്യാവശ്യം സ്നേഹമാണെന്ന് പൗലൊസപ്പൊസ്തലനിലൂടെ ദൈവാത്മാവ് പറഞ്ഞിരിക്കുകയാണ്. എങ്ങനെ ആയിരിക്കണം ആ സ്നേഹമെന്ന് 1 കൊരി.13-ൽ 4 മുതലുള്ള വചനങ്ങളിൽ പ്രത്യേകമായി പറഞ്ഞിരിക്കുന്നു. അതൊക്കെയും കാൽവരിയിൽ ക്രിസ്തു ആവിഷ്ക്കരിച്ച സ്നേഹമാണ്. "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല; ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല; സ്വാർത്ഥമന്വേഷിക്കുന്നില്ല; ദേഷ്യപ്പെടുന്നില്ല; ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു; എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു; സ്നേഹമൊരുനാളും ഉതിർന്നു പോകയില്ല. പ്രവചനവരമൊ അത് നീങ്ങിപ്പോകും."

മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവർക്കും വീണ്ടുംജനനം പ്രാപിച്ച് അഭിഷേകം പ്രാപിച്ചവർക്കും മാത്രമേ ഈ ക്ഷമിക്കുന്ന സ്നേഹവും പരാതിയില്ലാതെ എല്ലാം സഹിക്കാനും ഒക്കെ പറ്റുകയുള്ളു. അങ്ങനെ കഴിയുന്നവരെയാണ് ദൈവമക്കളെന്ന് വിളിക്കേണ്ടത്. പള്ളികളിൽ പലവട്ടം പോയി കുർബാനയിലൊക്കെ സംബന്ധിക്കുകയും കുറച്ചൊക്കെ പ്രാർത്ഥിക്കുന്നവരുമുണ്ട്. അവർ അവരെപ്പറ്റി ദൈവമക്കളെന്ന് പറഞ്ഞേക്കാം. വിശ്വാസസ്നാനമെടുത്ത് ബൈബിൾ കൂടുതലായി ഉപയോഗിക്കുന്നവരിൽ പലരും ദൈവമക്കളെന്ന് ഭാവിച്ചേക്കാം. എന്നാൽ യഥാർത്ഥ ദൈവമക്കൾ ആരെന്നോ? 1 കൊരി.13-ലെ സ്നേഹംകൊണ്ട് നിറഞ്ഞവരാണ്. ദൈവം സ്നേഹമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നതല്ലാതെ, (1 യോഹ.4:8). ദൈവം വരമാകുന്നു എന്നോ, ദൈവം വിശ്വാസമാകുന്നു എന്നോ ഒക്കെ പഠിപ്പിക്കുന്നില്ല എന്നതൊക്കെ നാം തിരിച്ചറിയണം.

കാൽവരിയിൽ വെച്ചും കാൽവരിയിലെ മുമ്പുള്ള മണിക്കൂറുകളിലും അനേകമനേകം മർദ്ദനമുറകൾ അനുഭിക്കേണ്ടതായി വന്നപ്പോൾ ക്രിസ്തു യഥാർത്ഥ സ്നേഹമാണെന്ന യാഥാർത്ഥ്യം സ്വജീവിതത്തിലൂടെ തെളിയിച്ചു. ഇതാണ് ദൈവസ്വഭാവം. ഇതായിരിക്കണം ദൈവമക്കളുടെയും സ്വഭാവം.

"ഞാൻ വെള്ളം പോലെ തൂകിപ്പോകുന്നു, എന്റെ അസ്ഥികളെല്ലാം ബന്ധം വിട്ടിരിക്കുന്നു. എന്റെ ഹൃദയം മെഴുകുപോലെയായി. എന്റെ കുടലിന്റെ നടുവെ ഉരുകിയിരിക്കുന്നു. എന്റെ ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു. എന്റെ നാവ് അണ്ണാക്കോട് പറ്റിയിരിക്കുന്നു. നീ എന്നെ മരണത്തിന്റെ പൊടിയിൽ ഇട്ടുമിരിക്കുന്നു. നായ്ക്കൾ എന്നെ വളഞ്ഞു. ദുഷ്ടന്മാരുടെകൂട്ടം എന്നെ ചുറ്റിയിരിക്കുന്നു. അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു. എന്റെ അസ്ഥികളൊക്കെയും എനിക്ക് എണ്ണാം. അവർ എന്നെ ഉറ്റുനോക്കുന്നു" എന്ന വചനങ്ങൾ 22-ാം സങ്കീർത്തനത്തിലേതാണ്. വർണ്ണനകൾ കുറഞ്ഞുപോയി. അത്രവേദനകളായിരുന്നു, യേശുവിന്.

യേശയ്യാവ് 53-ലോ "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും, ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും, രോഗം ശീലിച്ചവനായും ഇരുന്നു. അവനെ കാണുന്നവർ മുഖം മറച്ചുകയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു: നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നുവെന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെമേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാമെല്ലാവരും ആടുകളേപ്പോലെ തെറ്റിപ്പോയിരുന്നു. നാമോരോ


# അതിജീവനവിശ്വാസവും സ്നേഹവും നിത്യതയ്ക്ക് അത്യാവശ്യം

ദേവസ്യാ മുല്ലക്കരപ്പാറ

രുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മളെല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി. തന്നെത്താൻ താഴ്ത്തി. വായ് തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു. കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു. അവൻ പീഢനത്താലും ശിക്ഷാവിധിയാലും എടുക്കപ്പെട്ടു, ജീവനുള്ളവരുടെ ദേശത്തുനിന്ന് അവൻ ഛേദിക്കപ്പെട്ടു എന്നും, എന്റെ ജനത്തിന്റെ അതിക്രമം നിമിത്തം അവന് ദണ്ഡനം വന്നു എന്നും അവന്റെ തലമുറയിൽ ആർ വിചാരിച്ചു?" (യേശ.53:3–8).

യേശയ്യാവിന്റെ പ്രവാചകതൂലികയ്ക്ക് ഇത്ര മാത്രമേ വർണ്ണിക്കാൻ പറ്റിയുള്ളു ക്രിസ്തുവിന്റെ അവസാന രംഗങ്ങളേപ്പറ്റി (അവൻ ഉയിർത്തെഴുന്നേറ്റ്, ഇപ്പോഴും ജീവിക്കുന്നു എന്നതും ഇനിയും അവന്റെ വീണ്ടുംവരവുണ്ട് എന്നതും സത്യങ്ങളാണ്). ഇനി നമ്മൾ ഇത്രയേറെ സഹനങ്ങൾ ക്ഷമയോടെ സഹിച്ച ക്രിസ്തുവിനെ, ഇതുപോലെ, ഇയ്യോബിനെയും ജോസഫിനെയും കാൾ അധികമധികമായി സഹിച്ച് ക്ഷമിച്ച ക്രിസ്തുവിനെ യഥാതഥം അനുഗമിക്കുന്നുണ്ടെങ്കിലാണ് മരണാനന്തരമുള്ള ഉയിർത്തെഴുന്നേൽപ്പും അന്തിമന്യായവിധിയിലെ നിത്യതാലഭ്യതയും എന്ന പരമമായ സത്യം അടിവരയിട്ട് എഴുതിക്കൊള്ളട്ടെ. അത്ര വലിയതാണ് സ്വർഗ്ഗം. അത് ക്രിസ്തുവിനുള്ളതാണ്. പുതിയനിയമസഭയിലെ ക്രിസ്തുമാർക്കുള്ളതാണ്. അവർക്ക് മാത്രമുള്ളതാണ്. മേലെഴുതിയ വർണ്ണനകളിൽ പറഞ്ഞ സംഭവങ്ങൾ അതിവേദനാജനകമായിട്ടും ക്രിസ്തു അതിസുന്ദരമയി എല്ലാം ക്ഷമിച്ചും, സഹിച്ചും, യാതൊരു പരാതിയുടെ ലാഞ്ചന പോലുമില്ലാതെ പരിശുദ്ധാത്മാവിൽ ലയിച്ച് ജീവിച്ച് മരിച്ചുയിർത്തല്ലോ.

നമുക്കും പരിശുദ്ധാത്മാവിൽ ലയിക്കാം അത്ഭുതങ്ങളും അടയാളങ്ങളുമൊക്കെയും പരിശുദ്ധാത്മലയനത്തിന്റെ ഭാഗം മാത്രമാണെന്നുമോർക്കാം.






(9–ാം പേജിൽ നിന്നും തുടർച്ച)

എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി'' (1 യോഹ.1:8). "നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ.1:9).

ലോകത്തിലേക്ക് രംഗപ്രവേശം ചെയ്ത പാപത്തെ നീക്കുവാനായിട്ട് നമ്മുടെ മഹാദൈവത്തിന്റെ കരം വീണ്ടും ഈ ഭൂമിയിൽ വെളിപ്പെടേണ്ടി വന്നു. പാപം ലോകത്തിൽ വന്നില്ലായിരുന്നുവെങ്കിൽ ഒരു രക്ഷകന്റെ ആവശ്യം വരികയില്ലായിരുന്നു. ദൈവത്തിൽ നിന്ന് ഒരു അവതാരം (യേശു ദൈവം മനുഷ്യനായി വെളിപ്പെട്ടവനാണ്) ഈ ഭൂമിയിൽ ആവശ്യമായി വന്നത് പാപത്തിൽ നിന്നുള്ള രക്ഷകനായി മാത്രമാണ്. ആ അവതാരവും ലക്ഷ്യപ്രാപ്തിയും നടന്നു കഴിഞ്ഞു. ഏദനിലെ മങ്ങൽ മാറ്റുവാൻ ഗത്സെമനിലെ ക്രിസ്തുവിന്റെ ഞരക്കത്തിനും തകർച്ചക്കും മാത്രമേ കഴിഞ്ഞുള്ളു. പാപം മൂലം തന്റെ സൃഷ്ടിക്കുപറ്റിയ മങ്ങൽ ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം വഴിയായി ദൈവം മാറ്റിയെടുത്തു. ദൈവം തന്റെ കാരുണ്യാധിക്യപ്രകാരം നമ്മെ വീണ്ടെടുത്തു; സ്വന്തം പുത്രന്റെ രക്തം വഴിയായി!

യേശുക്രിസ്തു ഭൂമിയിലേക്ക് വന്നത് കേവലം ഒരു സൃഷ്ടിയായി മാത്രമല്ല ("ദൈവം ജഡത്തിൽ വെളിപ്പെട്ടു" 1 തിമൊ.3:16). തികഞ്ഞ ദൈവീകാധികാരവും ദൈവീകശക്തിയും അവനിലുണ്ടായിരുന്നു. "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേലുണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഢിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്ക.4:18,19). പാപംമൂലം നഷ്ടമായ അധികാരവും ശക്തിയും വീണ്ടെടുത്ത് നൽകുവാൻ കൂടെയാണ് ക്രിസ്തു മനുഷ്യനായി തീർന്നത്. അവിടുന്ന് സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് മുമ്പ് ഈ അധികാരത്തെയും (മത്താ.28:18-20) അഭിഷേകത്തെയും പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് ഈ ശക്തി (ഉയരത്തിലെ ശക്തി) യെയും നമുക്ക് പ്രദാനം ചെയ്തു.

യേശുവിന്റെ പ്രവൃത്തികളെല്ലാം നമ്മുടെ പേരിൽ, പ്രത്യേകിച്ച് വിശ്വസിക്കുന്നവർക്കായി, ദൈവം കണക്കിട്ടു. അവിടുത്തെ ജനനം ഒരു മഹാസന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു. ഇരുട്ടിലായിരുന്ന ജനം വലിയോരു വെളിച്ചം കണ്ടു, അവിടുത്തെ ജീവിതം നമുക്ക് പിന്തുടരുവാൻ വെച്ചിട്ടുപോയ കാൽച്ചുവടുകളാണ്. അവിടുത്തെ മരണം നമുക്കുവേണ്ടി അർപ്പിക്കപ്പെട്ട പാപപരിഹാരയാഗമായിരുന്നു. ഇനിയും അതിനോട് ഒന്നും കൂട്ടിച്ചേർക്കുവാൻ ആർക്കും കഴിയുകയുമില്ല. യേശു ഉയിർത്തു, നമ്മെ നീതീകരിക്കുവാനായിട്ട്; സ്വർഗ്ഗാരോഹണം ചെയ്തു (വീണ്ടും വരാമെന്നുള്ള വാഗ്ദത്തവുമായി), മനുഷ്യർക്ക് നല്ല ദാനങ്ങളെ നൽകുവാനായി! (എഫേ.2:8). ഇത്ര വലിയ രക്ഷയിലേക്ക് നമ്മെ വിളിച്ച ദൈവം എത്ര കരുണാസമ്പന്നനാണ്! ഈ കൃപ പ്രാപിക്കുവാൻ പാപികളായ നമ്മോട് അവൻ കാണിച്ച സ്നേഹം എത്ര ഉന്നതമാണ്. നാം ചെയ്ത സകല പാപങ്ങളും സൗജന്യമായി ക്ഷമിക്കുവാൻ ദൈവം നമുക്ക് നൽകുന്ന ഔദാര്യം എത്ര മഹോന്നതം. എന്നിട്ടും നമ്മെ ശത്രുവായി എണ്ണാതെ മക്കളുടെ സ്ഥാനത്തേക്ക് ഉയർത്തുന്നതോർത്താൽ എങ്ങനെ സ്തുതിക്കാതിരിക്കും അവിടുത്തെ!

യേശുക്രിസ്തു ഭൂമിയിൽ വന്നത് പാപികൾക്കുവേണ്ടി പ്രായശ്ചിത്തമാകാനാണെങ്കിൽ, (ഇവിടെ, വലിയ ഒരു അപകടം പതിയിരിക്കുന്നു!) ഇതുവരെ പാപങ്ങളുടെ പ്രായശ്ചിത്തത്തിനായി മനുഷ്യർ ചെയ്തതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ, സകല ബലികളും യാഗങ്ങളും നേർച്ചകാഴ്ചകളും വ്യർത്ഥമാകുന്നു! വേദപുസ്തകം എടുത്തുപറയുന്ന കാര്യമിതാണ്; "ഈ വചനം വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ" (1 തിമൊ.1:15). യേശുക്രിസ്തു ഭൂമിയിൽ വന്നത് പാപിയെ രക്ഷിപ്പാനാണെങ്കിൽ "മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെയിടയിൽ മറ്റൊരു നാമവുമില്ല" (അപ്പൊ.4:12). ദൈവത്തോട് ശത്രുതയിലായിരുന്ന നമ്മെ ദൈവത്തോട് നിരപ്പിച്ചത് ക്രിസ്തുവാണെങ്കിൽ ഈ നിരപ്പിന്റെ ശുശ്രൂഷ ക്രിസ്തുശിഷ്യർക്ക് മാത്രമാണുള്ളത്. വചനം പറയുന്നു; "അവൻ നമ്മെ ക്രിസ്തുമൂലം നിരപ്പിച്ചു.; നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്ക് തന്നിരിക്കുന്നു. ദൈവം ലോകത്തിന് ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേൽപ്പിച്ചുമിരിക്കുന്നു" (2 കൊരി.15:18,19).

സമ്പന്നനും ദരിദ്രനും വിദ്യാസമ്പ




ന്നനും വിദ്യാവിഹീനനും കറുത്തവർക്കും വെളുത്തവർക്കും പ്രായഭേദമെന്യേ ജാതിവ്യത്യാസമെന്യേ (മരണാസന്നരോടുപോലും) ഒരുപോലെ നൽകുവാൻ കഴിയുന്ന ഒരേയൊരു സന്ദേശമുൾക്കൊള്ളുന്നതാണ് യേശുക്രിസ്തുവിന്റെ സുവിശേഷം.

യേശുക്രിസ്തു ഇന്നും പാപികളെ രക്ഷിക്കുന്നുവെന്നതിന്റെ തെളിവാണ് ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുന്ന സുവിശേഷപ്രവർത്തനങ്ങളിലൂടെ തെളിവായിക്കൊണ്ടിരിക്കുന്നത്. ഇത്രയും ഉന്നതമായ ഒരു സന്ദേശത്തെ ആർക്കും അവഗണിക്കുവാൻ കഴിയാത്തത് സർവ്വജ്ഞാനിയായ ദൈവത്തിന്റെ കരങ്ങൾ അവരോടൊപ്പം പ്രവർത്തിക്കുന്നു എന്നതിനാലാണ്. വാസ്തവത്തിൽ ഈ സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കണമെന്നത് ദൈവീകഹൃദയത്തിന്റെ വലിയ ഒരു ആഗ്രഹമാണ്.

ഈ ദാനം തന്റെ മക്കളിൽ അവിടുന്ന് പകരുന്നു. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചത് ലോകത്തെ വിധിപ്പാനല്ല, ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ” (യോഹ.3:16-17).

**ഈ ലോകത്തിലെ എത്ര കടുത്ത പാപിയെയും രക്ഷിക്കുവാൻ കഴിയുന്ന സന്ദേശമാണ് സുവിശേഷത്തിന്റേത്. അത്ര വലിയ ശക്തിയും ആഴമാർന്ന സ്നേഹവും ഇതിലുണ്ട്.**

## സർവ്വശക്തനായ രക്ഷകൻ യേശുക്രിസ്തു മാത്രം

വചനം പറയുന്നു; “അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു” (എബ്രാ.7:25). ഈ വാക്യത്തിൽ നമ്മെ ദൈവീക കോടതിയിലെ ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കുവാൻ ഇനി യേശുക്രിസ്തുവിനുമാത്രമേ കഴിയൂ എന്ന് വ്യക്തമാവുകയാണ്. തന്നെയുമല്ല ആരാണ് ഒരു യഥാർത്ഥ ക്രിസ്ത്യാനി എന്ന് വചനം വ്യക്തമാക്കുന്നുമുണ്ട്. അതായത് യേശുക്രിസ്തു എന്ന ഏകമദ്ധ്യസ്ഥൻ വഴിയായി ദൈവത്തോട് അടുക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. യേശുക്രിസ്തുവിന്റെ കാൽവരിയാഗം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയാണ്. നിവർത്തിയാക്കേണ്ടതുപോലെ നിവർത്തിയാക്കപ്പെട്ട യാഗം (Tetalastai) എന്നാൽ അവിടുന്ന് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന മഹത്തായ ഒരു പ്രവൃത്തിയാണ് മാദ്ധ്യസ്ഥത. ദൈവത്തിന്റെയും മനുഷ്യരുടെയുമിടയിൽ മാദ്ധ്യസ്ഥ്യം വഹിക്കാൻ യോഗ്യതയുള്ള ഒരേയൊരു ദൈവീകവ്യക്തിത്വം ക്രിസ്തുവിന്റേതാണ്. അവിടുന്ന് നമുക്കുവേണ്ടി ഇപ്പോൾ “സദാ പക്ഷവാദം” ചെയ്തുകൊണ്ടിരിക്കുന്നു (He is our advocate). നമുക്ക് ഒരു പ്രതിയോഗിയുണ്ട്, പിശാച്. പ്രധാന തൊഴിൽ ദൈവമക്കൾക്കെതിരെ അപവാദം പറുന്നു; പേര് തന്നെ അപവാദി എന്നാണ്.

പാപപ്രളയക്കെടുതിയിൽ നശിച്ചുകൊണ്ടിരുന്ന മാനവരാശിയെ രക്ഷിക്കുവാൻ അവരിലൊരാളെപ്പോലെ ഈ ഭൂമിയിൽ വരികയും, രംഗനിരീക്ഷണം നടത്തി തിരികെ പോകാതെ, രക്ഷയുടെ പദ്ധതികൾ നടപ്പിൽ വരുത്തുകയും ചെയ്തവനാണ് ക്രിസ്തുയേശു. തന്റെ സ്വർഗ്ഗീയമഹിമയെ വെടിഞ്ഞ് ഈ അവനീതലത്തിൽ കടന്നുവന്നത് പാപംനിമിത്തം കഷ്ടമനുഭവിക്കേണ്ടതിനും ജഡത്തിൽ നമുക്ക് പകരക്കാരനായി മരണശിക്ഷയേൽക്കുവാനുമായിരുന്നു (1 പത്രൊ.3:18). നമുക്ക്, യഥാർത്ഥ ബലിയർപ്പിച്ച, നിർദ്ദോഷനും നിർമ്മലനും പവിത്രനും പാപികളോട് വേർപെട്ടവനും സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവനുമായ ഒരു മഹാപുരോഹിതനുള്ളതിനാൽ, മറ്റൊരു പൗരോഹിത്യ ശുശ്രൂഷയുടെയും സഹായം ആവശ്യമായി വരുന്നില്ല (എബ്രാ.7:26,27). ക്രിസ്തുവിന്റെ പൗരോഹിത്യം ഒരിക്കലും കൈമാറ്റം ചെയ്യപ്പെടാവുന്നതല്ല. കാരണം അത് അനന്യമായതാണ് (എബ്രാ.7:24).

യേശുക്രിസ്തു നമ്മെ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തനാകുന്നു. ദേഹം, ദേഹി, ആത്മാവ് ഇവ മൂന്നിനും രക്ഷ ആവശ്യമാണ്. ഇത് നൽകുവാൻ യേശുക്രിസ്തു ശക്തനാണ്. ആത്മാവിന്റെ രക്ഷ എന്നത് പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള രക്ഷയാണ്. അത് നാം കർത്താവായ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ സംജാതമാകുന്നു. “ക്രിസ്തു നിങ്ങളിലുണ്ടെങ്കിലോ ശരീരം പാപംനിമിത്തം മൃതമെങ്കിലും ആത്മാവ് നീതിനിമിത്തം ജീവനാകുന്നു” (റോമ.8:10). “യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമ.10:9). ദേഹി എന്നത് (soul) ശരീരത്തെയും ആത്മാവി

# യേശുക്രിസ്തു പാപികളെ രക്ഷിക്കുന്നു

പാ.ടോമിച്ചൻ വട്ടപ്പാറയിൽ



നെയും യോജിപ്പിച്ച് നിർത്തുന്ന ഘടകമാണ്. ദേഹിയുടെ രക്ഷ വർത്തമാനകാലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. "ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻ നിമിത്തം വാണു എങ്കിൽ **കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ** യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏറ്റവുമധികമായി ജീവനിൽ വാഴും" (റോമ.5:17). ദേഹം, അഥവാ ശരീരത്തിന്റെ രക്ഷ എന്നത് പാപത്തിന്റെ സാന്നിധ്യത്തിൽ നിന്നുതന്നെയുള്ള വിടുതലാണ്. ഇത് ഭാവികാലരക്ഷയുടെ ഭാഗമായി രക്ഷാതത്വശാസ്ത്രത്തിൽ വിശ്വസിക്കപ്പെടുന്നു. രക്ഷാപൂർത്തി (എബ്രാ.11:40) എന്നതുകൊണ്ടുദ്ദേശിക്കുന്നത് ശരീരത്തിന്റെ രക്ഷയുംകൂടെ ഉൾക്കൊള്ളുന്ന രക്ഷയാണ്. "ആകയാൽ (യേശുക്രിസ്തു) ലോകത്തിൽ വരുമ്പോൾ ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; **എന്നാൽ ഒരു ശരീരം നീ എനിക്ക്** ഒരുക്കിയിരിക്കുന്നു" (എബ്രാ.10:5) എന്ന് പറഞ്ഞുകൊണ്ട് യേശു ഈ ഭൂമിയിൽ പ്രവേശിക്കുവാൻ ഒരു ശരീരം പ്രാപിച്ചതുപോലെ അന്തരീക്ഷമണ്ഡലങ്ങളെ കടന്നു ചെല്ലേണ്ട (നമ്മുടെ പ്രാണപ്രിയനെ മദ്ധ്യാകാശത്തിൽ വരവേൽക്കുവാൻ) നമുക്കും ഒരു തേജസ്ക്കരിക്കപ്പെട്ട ശരീരം ദൈവം തരും. എന്നാൽ നമ്മുടെ ശരീരം അനിന്ദ്യമായി ഇവിടെ സൂക്ഷിക്കപ്പെടണം എന്ന് തിരുവെഴുത്തുകൾ നമ്മെ ഉദ്ബോധിപ്പിക്കുന്നു (1 തെസ്സ.5:23). ഇന്ന് അനേകർക്ക് തങ്ങളുടെ രക്ഷയെക്കുറിച്ച് വ്യക്തതയില്ല. നാം എത്ര വലിയ പാപിയാണെങ്കിലും ക്രിസ്തുവിന്റെ ഊനമറ്റ രക്തം നമ്മെ രക്ഷിക്കുവാൻ ശക്തിയുള്ളതാണ്. "അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്" (എഫേ.1:7). മതങ്ങൾ മനുഷ്യനെ സ്വപ്രയത്നത്താൽ രക്ഷ പ്രാപിക്കുവാൻ ആഹ്വാനം ചെയ്യുമ്പോഴും സർവ്വശക്തനായ ദൈവം നമ്മുടെ നീതിപ്രവൃത്തികളാലല്ല വിശ്വാസം വഴി കൃപയാൽ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നു (എഫേ.2:4-5). നമ്മുടെ പ്രവൃത്തികൾ മൂലം ദൈവസന്നിധിയിൽ നീതീകരണം ലഭിക്കില്ല. ദൈവത്തിന്റെ പ്രവൃത്തികളിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും വേണം. മതങ്ങളാവിഷ്ക്കരിക്കുന്ന രക്ഷാപദ്ധതികളിൽ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞിട്ടില്ലെന്നത് സമകാലീന സംഭവവികാസങ്ങൾ നമുക്ക് വ്യക്തമാക്കിതരുന്നില്ലേ?

എന്നാൽ, "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു" (എഫേ.2:10). ദൈവത്തിന്റെ പ്ലാനുകൾ ഒരു മനുഷ്യന്റെ ജീവിതത്തിൽ നടപ്പാക്കാൻ തുടങ്ങുന്നത് ആ വ്യക്തിയുടെ വീണ്ടുംജനനത്തിലൂടെയാണ്. അങ്ങനെ വരുമ്പോൾ കുറെയധികം പ്രവർത്തിച്ച് പ്രവർത്തിച്ച് നീതീകരണം കൂട്ടിയെടുക്കേണ്ടതില്ല എന്ന് അവർക്ക് ബോധ്യമാകും. കാരണം യേശുക്രിസ്തു ചെയ്ത എല്ലാ പ്രവൃത്തികളുടെയും സൽഫലങ്ങൾ അവരുടെ 'അക്കൗണ്ടണ്ടിലേക്ക്' അതിന്റെ മാക്സിമം ദൈവം ചേർത്തുകൊടുക്കുന്നു. ദൈവം ഒരുവനെ നീതീകരിക്കുമ്പോൾ അത് അതിന്റെ പരമാവധിയായിരിക്കും നൽകുക.

നാം ദൈവസന്നിധിയിൽ, നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യമണയ്ക്കുന്ന ക്രിസ്തു മുഖാന്തരം എന്തെല്ലാം യോഗ്യതകൾ പ്രാപിച്ചിരിക്കുന്നുവെന്ന് താഴെക്കൊടുത്തിരിക്കുന്ന വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം.

a. "എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്കെഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ (advocate) നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്" (1 യോഹ.2:1).

b. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് അറിയുന്നു. അവൻ എന്റെ ഉപനിധി, ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചുമിരിക്കുന്നു" (2 തിമൊ.1:12).

c. "നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു" (റോമ.8:37).

d. "ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന് അവന്റെ മേൽ കർത്തൃത്വമില്ല എന്ന് നാം അറിയുന്നുവല്ലോ" (റോമ.6:9). അതിനാൽ നമുക്കും പറയാം; യേശു ജീവിക്കുന്നതുകൊണ്ട് ഞങ്ങളും ജീവിക്കും. "ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും (യോഹ.14:19).

e. "ക്രിസ്തു എന്നിൽ സംസാരിക്കുന്നു എന്നതിന് നിങ്ങൾ തുമ്പന്വേഷിക്കുന്നുവല്ലോ. അവൻ നിങ്ങളെ സംബന്ധിച്ച് ബലഹീനനല്ല, നിങ്ങളിൽ ശക്തൻ തന്നെ. ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നു; ഞങ്ങളും അവനിൽ ബലഹീനർ എങ്കിലും അവനോടുകൂടെ ദൈവശക്തിയാൽ നിങ്ങൾക്കുവേണ്ടി ജീവിക്കുന്നു" (2 കൊരി.13:3,4)●



# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം (ചർച്ച് ഓഫ് ഇറ്റേണിറ്റി മുണ്ടക്കയം, 9495876219)

**നാം** മരുഭൂയാത്രക്കാരാണ്. ഇവിടെ കഷ്ടതകളും പ്രതിസന്ധികളും അതിന്റെ വൈഷമ്യങ്ങളുമുണ്ട്. ഒരിക്കൽ മാർട്ടിൻ ലൂഥർ ഇപ്രകാരം പറഞ്ഞു. "എന്റെ പരീക്ഷകളും കഷ്ടങ്ങളുമായിരുന്നു എനിക്ക് ആദ്ധ്യാത്മികജ്ഞാനത്തിന്റെ മാസ്റ്റർ ബിരുദം നേടിത്തന്നത്."

മരുഭൂമിയിലെ കൊടുംചൂടിൽ വളരുന്ന ഈന്തപ്പനയെ നോക്കുക. അത്യുഷ്ണത്തിലാണ് ഈന്തപ്പഴം പഴുക്കുന്നത്. ഇത് പഴുക്കുന്ന ആ ദിവസങ്ങളിൽ അതിഭീകരമായ ചൂടായിരിക്കും.

പ്രിയ സഹോദരാ, സഹോദരീ കഷ്ടതയുടെ അത്യുഗ്രചൂടിൽ നിങ്ങൾ മുന്നോട്ട് നീങ്ങുന്നുണ്ടെങ്കിൽ നിരാശപ്പേടേണ്ട; അനേകരുടെ ആത്മീയവിശപ്പിനുള്ള ആഹാരം ദൈവത്തിൽ നിന്ന് പ്രാപിച്ച് നൽകുവാൻ ദൈവം നിങ്ങളെ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.

അല്പംകൂടി വിശദമാക്കിയാൽ ചിലരുടെ അകത്തെ മനുഷ്യന്റെ ദാഹവും ക്ഷീണവും നിരാശയും മാറ്റുവാൻ താങ്കൾ ഒരു ഉപകരണമാകും എന്ന് തിരിച്ചറിയുക.

ആ മരുഭൂമിയിൽ അല്പം പോലും ജലസേചനസൗകര്യങ്ങളോ മറ്റ് ശുശ്രൂഷകളോ ലഭിക്കാത്ത ഈന്തപ്പന ഏറ്റവും അടിയിലേക്ക് വേരിറക്കി വെള്ളം വലിച്ചെടുക്കുന്നു.

അതിന്റെ ഫലം വലിപ്പമുള്ളതാണ്. എന്നാൽ വെള്ളവും വളവും ലഭിക്കുന്ന അതിന്റെ കായ്ക്ക് അത്രയും വലിപ്പവും രുചിയും ഇല്ല. ചിന്തിക്കുക പ്രശ്നങ്ങളുടെ ഭീകരചൂടുകണ്ട് നിങ്ങൾ പിറുപിറുക്കരുത്. ഏറ്റവും ശ്രേഷ്ഠകരമായ ഫലം പുറപ്പെടുവിക്കാനാണ് എന്ന് തിരിച്ചറിയുക. ഈന്തപ്പഴം നാളുകളോളം കേടുകൂടാതെയിരിക്കും. ഇത് കൊടും ചൂടിലുണ്ടാകുന്നതായതുകൊണ്ട് നശിച്ചുപോകാതെ എത്ര കാലങ്ങൾ വേണമെങ്കിലും ഇരിക്കും. തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ല. പരിശോധനകളുടെ തീയിൽകൂടി കടന്നുപോകേണ്ടിവരുമ്പോൾ പതറിപ്പോകരുത്. നിലനിൽക്കുന്നത് ചിലതൊക്കെ നമ്മെ ഏല്പ്പിക്കാനാണ് തക്കകാലത്ത് സൽഫലം കൊടുക്കുന്ന വൃക്ഷമാകേണ്ടതിന് മാത്രമാണ് ഈ കഷ്തയെന്ന് ഇനിയെങ്കിലും തിരിച്ചറിയുക.

## ഇയ്യോബിന്റെ കഷ്ടത

ഇയ്യോബിനെക്കുറിച്ച് പിശാചൊന്നും പറയാതെതന്നെ ദൈവം ചോദിക്കുന്നു "നീ എന്റെ ദാസനായ ഇയ്യോബിന്റെ മേൽ ദൃഷ്ടി വെച്ചുവോ?" പിശാച് ഇയ്യോബിന്റെമേൽ ദൃഷ്ടി വെച്ച കാര്യം ഇയ്യോബ് അറിയുന്നില്ല. പലപ്പോഴും പിശാച് നമുക്കെതിരേ പദ്ധതി തയ്യാറാക്കുന്നത് നമ്മൾ അറിയാറില്ല. എന്നാൽ ദൈവം മുൻകൂട്ടി അറിയുന്നു.

ഭൗതീകമായ നന്മകളും ചുറ്റുപാടുകളും അതിന്റെ ആരവാരങ്ങളും ഉള്ളതിന്റെ പേരിലാണ് ഇയ്യോബിന് ദൈവത്തോട് ഇത്രയും ഭക്തി എന്നാണ് പിശാചിന്റെ ന്യായവാദം. ഈ ലോകത്തിന്റെ സുഖങ്ങളും സന്തോഷങ്ങളും സമൃദ്ധിയും എടുത്തുകളഞ്ഞാൽ പിന്നെ ദൈവത്തെ തള്ളിപ്പറയുകയും പിറുപിറുക്കുകയും ചെയ്യുന്ന തൊട്ടാവാടി വിശ്വാസികളെ ദൈവത്തിന് വേണ്ടെന്ന് ഇനിയെങ്കിലും തിരിച്ചറിയുക. പിശാച് ഉയർത്തിയ ന്യായവാദം ഇയ്യോബിന്റെ കാര്യത്തിൽ വെറും പൊള്ളയാണെന്ന് തെളിയിക്കാൻ ദൈവം തീരുമാനിച്ചു. ദൈവവും പിശാചുംകൂടി വാത് കെട്ടി. ആധുനിക അപ്പൊസ്തലന്മാരുടെ തിയറിയനുസരിച്ച് സന്തോഷങ്ങളും സമൃദ്ധിയുമെടുത്ത് കളഞ്ഞാൽ പിന്നെ ദൈവത്തെ തള്ളിപ്പറയും. പ്രതിസന്ധികളോ, കഷ്ടങ്ങളോ, രോഗങ്ങളോ തരാതെ കവിഞ്ഞൊഴുകുന്ന അനുഗ്രഹം മാത്രം തരുന്ന യേശുവിനെയാണല്ലോ ചാനലിലൂടെ പ്രദർശിപ്പിക്കുന്നത്. എന്നാൽ തന്റെ ഭക്തനെക്കുറിച്ച് ദൈവത്തിന് ഒരു ഉറപ്പുണ്ട്. ഇയ്യോബ് ആരാണെന്ന് ഒരു തിരിച്ചറിവ് തന്റെ സഹോദരന്മാർക്കും വിശേഷാൽ പിശാചിനുമുണ്ട്. നമ്മെ കഷ്ടതയിലൂടെ കടത്തിവിടുന്നത് ദൈവവും നാമും തമ്മിലുള്ള ബന്ധത്തിന്റെ ആഴം തിരിച്ചറിയുവാനാണ്. ദൈവത്തിന് തന്റെ ഭക്തനാണ് വലിയത്. നമുക്കുള്ള മറ്റ് ഭൗതികചുറ്റുപാടുകൾ ദൈവത്തിന് വിലയേറിയതായി തോന്നുന്നില്ല. പക്വത പ്രാപിക്കാത്ത പലർക്കും ഇവിടുത്തെ ഭൗതികനന്മകൾ വലിയ അനുഗ്രഹമാണ്.

ദൈവം സാത്താനോട് "ഇതാ




# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം

അവനുള്ളതൊക്കെയും നിന്റെ കയ്യിലിരിക്കുന്നു. അവന്റെ മേൽ മാത്രം കയ്യേറ്റം ചെയ്യരുത് എന്ന് കല്പിച്ചു." സാത്താൻ ദൈവത്തോട് പറയുന്നത് ഇപ്രകാരമാണ്. "തൃക്കൈ നീട്ടി അവനുള്ളതൊക്കെയും ഒന്ന് തൊടുക!'' നശിപ്പിക്കാൻ വേണ്ടി ദൈവത്തിന്റെ കരം നീട്ടാനാണ് സാത്താൻ ആവശ്യപ്പെടുന്നത്. അവനുള്ള ഭൗതികനന്മകളെ നശിപ്പിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചു.

എഴുതപ്പെട്ട പ്രമാണങ്ങളോ, നിയമങ്ങളോ കല്പനകളോ ഇല്ലാതിരുന്ന ആ കാലത്ത് ദൈവത്തെ ഭക്തിയോടെ സേവിച്ച തന്റെ ദാസനെ നശിപ്പിക്കാൻ ദൈവത്തിന്റെ കരം ഉയരുകയില്ല. പിന്നെ സാത്താൻ വെല്ലുവിളിച്ചപ്പോൾ ദൈവം അനുവദിച്ചുകൊടുത്തു. ദൈവം ഇയ്യോബിന്റെ പ്രവൃത്തികളെ അനുഗ്രഹിച്ചിരിക്കുന്നു എന്നതാണ് സാത്താന് സഹിക്കാൻ പറ്റാത്തകാര്യം. മോശ ഒരിയ്ക്കൽ പ്രാർത്ഥിച്ചു. ''യഹോവേ ഞങ്ങളുടെ കൈകളുടെ പ്രവൃത്തികള സാധ്യമാക്കിത്തരേണമെ.'' ഈ ലോകത്തിലെ കൈകളുടെ പ്രവൃത്തിയെ ദൈവം അനുഗ്രഹിച്ചതാണ് ഏറ്റവും വലിയ അനുഗ്രഹമെന്നാണ് പിശാചിന്റെ ന്യായവാദം. ഇന്ന് നമ്മിൽ ചിലർക്ക് പിശാചിനുള്ള തിരിച്ചറിവ് മാത്രമേ ഈ വിഷയത്തിലുള്ളു. എന്നാൽ ദൈവത്തിന് അതിനേക്കാളൊക്കെ മൂല്യം തന്റെ ദാസനായ ഇയ്യോബാണ്. ഇയ്യോ.1:22; 2:10 എന്നീ വാക്യങ്ങളിൽ നമുക്ക് കാണാം. "ഇതിലൊന്നും ഇയ്യോബ് പാപം ചെയ്യുകയോ, ദൈവത്തിൽ ഭോഷത്തം ആരോപിക്കുകയോ ചെയ്തില്ല." അടുത്ത വാക്യം: "ഇതിലൊന്നിലും ഇയ്യോബ് അധരങ്ങളാൽ പാപം ചെയ്തില്ല.'' നമ്മൾ ഇപ്പോൾത്തന്നെ എത്രതവണ അധരംകൊണ്ട് പാപം ചെയ്തുകഴിഞ്ഞു. ''അവർ അകലെ വെച്ചു നോക്കിയാറെ അവനെ തിരിച്ചറിഞ്ഞില്ല'' (2:12). ദൈവത്തിന്റെ മനസ്സ് നന്നായി തിരിച്ചറിഞ്ഞ ഇയ്യോബിനെ അവന്റെ സ്നേഹിതന്മാർ കണ്ടിട്ട് തിരിച്ചറിഞ്ഞില്ല.

''നഗ്നനായി ഞാൻ എന്റെ അമ്മയുടെ ഗർഭത്തിൽ നിന്ന് പുറപ്പെട്ടു വന്നു. നഗ്നനായി തന്നെ മടങ്ങിപ്പോകും. യഹോവ തന്നു യഹോവ എടുത്തു.



# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം

യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ" (1:21) എന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഇയ്യോബിന്റെ ഇപ്പോഴത്തെ രൂപം കണ്ടിട്ട് മറ്റുള്ളവർ തിരിച്ചറിയുന്നില്ല.

ഹൃദയദൃഷ്ടി പ്രാകാശിച്ചിട്ട് അകക്കണ്ണുകൊണ്ട് ദൈവമാരാണ് എന്ന് നന്നായി തിരിച്ചറിഞ്ഞ ഇയ്യോബിനെ പുറംകണ്ണുകൊണ്ട് ഏലിഫാസും ബിൽദാറും നോക്കിയിട്ട് തിരിച്ചറിയുന്നില്ല. ദൈവീകപദ്ധതിക്കുവേണ്ടി സമർപ്പിച്ച്, കണ്ണുനീർതാഴ്വരയിൽ കൂടി യാത്ര ചെയ്യുന്ന നമ്മെ സ്വന്തക്കാരും ചാർച്ചക്കാരും നാട്ടുകാരും വേണ്ടപ്പെട്ടവരും തിരിച്ചറിയണമെന്നില്ല. നമ്മുടെ മാനസാന്തരജീവിതം ആയിരിക്കില്ല അവർ വീക്ഷിക്കുന്നത്. ഇയ്യോ.2:3-ൽ തന്റെ ഭക്തന്റെ തീരുമാനത്തെ ചൂണ്ടിക്കാട്ടി ദൈവം അഭിമാനിക്കുന്നു. 'സാത്താനേ നീ വിചാരിക്കുന്ന വ്യക്തിയല്ല ഇയ്യോബ്. നിനക്ക് ഇയ്യോബിനെക്കുറിച്ചുള്ള ധാരണ ശുദ്ധ അബദ്ധമാണ്. ഈ ഭൂമിയിലെ നന്മകളുടെ പേരിൽ തെറിച്ചുപോകുന്ന ഭക്തിയല്ല ഇയ്യോബിന്റേത്. എത്രയൊക്കെയായിട്ടും അവൻ തന്റെ ഭക്തി വിടുന്നില്ല. ഞാനും ഇയ്യോബും തമ്മിലുള്ള ബന്ധം അത്രയ്ക്ക് ദൃഢമാണ്. ഈ ഭൂമിയിൽ ഒന്നിന്റെയും പേരിൽ അതിനെ അളക്കുവാൻ കഴിയില്ല.' ഇവയൊക്കെ കേട്ടപ്പോൾ പിശാച് അടുത്ത തന്ത്രമുപയോഗിച്ചു. "ത്വക്കിന് പകരം ത്വക്ക്. മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന് പകരം കൊടുത്തുകളയും. നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാസവും ഒന്ന് തൊടുക. അവൻ നിന്നെ മുഖത്തുനോക്കി ത്യജിച്ച് പറയും എന്ന് ഉത്തരം പറഞ്ഞു" (2:4,5).

ചുരുക്കിപ്പറഞ്ഞാൽ പിശാചിന് ഒറ്റ ലക്ഷ്യമേയുള്ളു. ഇയ്യോബ് ദൈവത്തിന്റെ മുഖത്ത് നോക്കി ത്യജിച്ച് പറയണം. അതിനുള്ള പതിനെട്ട് അടവും അവൻ പ്രയോഗിക്കും. ദാനങ്ങളുടെ പേരിൽ മാത്രം ദൈവത്തെ സേവിക്കുന്ന ചിലർ തള്ളിപ്പറയുകയും ചെയ്യും.

നമ്മളൊക്കെ സാധാരണ ഇപ്രകാരം പറയും; ഒന്നുമല്ലെങ്കിലും ജീവൻ കിട്ടിയല്ലോ. ഈ പ്രളയത്തിലും പലരും പറഞ്ഞു, ഇത് മനുഷ്യസഹജമാണ്. പിശാചിന് ഇത് നന്നായിട്ടറിയാം. അതുകൊണ്ടുതന്നെ പിശാച് പറയുന്നു "മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെ ജീവന് പകരം കൊടുത്തുകളയും."

എന്നാൽ ഉള്ളംകാൽ മുതൽ നിറുക വരെ വല്ലാത്ത പരിക്കുകളാൽ ബാധിച്ചാലും ശരീരം മുഴുവൻ വേദന കൊണ്ട് പുളഞ്ഞാലും പുഴുക്കൾ നിരച്ചാലും ഇങ്ങനെ ദേഹം ക്ഷയിച്ചാലും "ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും" എന്ന പ്രത്യാശയോടെ വാക്കുകൾ അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടപ്പോൾ സാത്താൻ ലജ്ജിച്ചുപോയി.

''നാം ദൈവത്തിന്റെ കയ്യിൽ നിന്ന് നന്മ കൈക്കൊള്ളുന്നു. തിന്മയും കൈക്കൊള്ളരുതോ?" എന്ന ചോദ്യം ദൈവത്തെക്കുറിച്ചുള്ള തന്റെ തിരിച്ചറിവ് വ്യക്തമാക്കുകയാണ്. ഇങ്ങനെയും ചില തൊക്കെ അവന്റെ പക്കലുണ്ടെന്ന് ഈയ്യോബ് തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് നമുക്കുണ്ടായാൽ അത് ജീവിതത്തിൽ വലിയ വഴിത്തരിവിന് കാരണമാകും. ഈയ്യോബ് 3:1 മുതൽ 12 വരെയുള്ള ഭാഗങ്ങളിൽ ഈയ്യോബ് തന്റെ ജന്മദിവസത്തെയും അമ്മയുടെ ഉദരത്തിൽ ഉല്പാദിപ്പിക്കപ്പെട്ട ദിവസത്തെയും ശപിക്കുന്നു. ഒടുവിൽ ഈ പറഞ്ഞതിനെല്ലാം ഈയ്യോബ് ദൈവത്തോട് ക്ഷമ പറയുന്നു. "അങ്ങനെ എനിക്ക് അറിഞ്ഞുകൂടാതവണ്ണം അത്ഭുതമേറിയത് ഞാൻ തിരിച്ചറിയാതെ പറഞ്ഞുപോയി" (42:3). സത്യത്തിൽ നമുക്കൊക്കെയുണ്ടാകേണ്ട തിരിച്ചറിവാണിത്. ദൈവത്തിനെതിരേ പറഞ്ഞ ഓരോ വാക്കുമോർത്ത് അനുതപിക്കേണ്ട സമയമായി. ഇപ്പോൾ ഈയ്യോബ് പറയുന്നു "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവിമാത്രമേ കേട്ടിരുന്നുള്ളു" അതിന്റെ അറിവിലാണ് ഇതുവരെ സംസാരിച്ചത്. യഹോവ നല്ലവനെന്ന് അവന്റെ വഴികളെ തിരിച്ചറിയുകയും ചെയ്താൽ നമ്മളും ഇപ്രകാരമുള്ള സംസാരങ്ങൾ അവസാനിപ്പിക്കും.

## കൺമുന്നിൽ വരുന്നവയെ തിരിച്ചറിയുക

"ഒരു പ്രതിമ എന്റെ കണ്ണിനെതിരെ നിന്നു; എങ്കിലും അതിന്റെ രൂപം ഞാൻ തിരിച്ചറിഞ്ഞില്ല.'' കണ്ണിനു മുന്നിൽ വരുന്നവയെ മനസ്സിൽ വിവേചിക്കണം. നന്മയാണോ തിന്മയാണോ, ദൈവമാണോ പിശാചാണോ, ഗുണമാണോ ദോഷമാണോ ഇവയൊന്നും ഗ്രഹിക്കാതെ എല്ലാം അന്ധമായി വിശ്വസിക്കരുത്. "എന്റെ സാക്ഷി സ്വർഗ്ഗത്തിലും എന്റെ ജാമ്യക്കാരൻ ഉയരത്തിലും ഇരിക്കുന്നു." ഈ കേസിൽ ഈയ്യോബിന്റെ സാക്ഷിയും ജാമ്യക്കാരനും ദൈവമാണ്. പിശാച് ഒരു ഭാഗത്ത് വെല്ലുവിളി ഉയർത്തുമ്പോഴും സാക്ഷിയായിട്ട് ദൈവത്തെ ക്ഷണിക്കുന്നു. മനുഷ്യരൊക്കെ കള്ളസാക്ഷ്യം പറയും. തകർന്നവനുവേണ്ടി ആരാണ് ജാമ്യം

# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം

നിൽക്കുക? പ്രതി മുങ്ങിയാൽ ജാമ്യക്കാരനെ പിടിക്കും. അങ്ങനെയെങ്കിൽ പ്രതിയുമായി അടുത്ത ബന്ധമുള്ള ഒരാൾക്കു മാത്രമേ ജാമ്യം നിൽക്കുവാൻ കഴിയൂ. വ്യക്തിപരമായി അടുത്തബന്ധമുള്ള, കേസിന്റെ നിജസ്ഥിതി അറിയുന്ന ഒരാൾ മാത്രമേ ഇതിന് തയ്യാറാകൂ. ഇയ്യോബിന്റെ ഈ കേസിൽ വസ്തുതകളുടെ നിജസ്ഥിതി അറിയുന്നത് സ്വർഗ്ഗത്തിലെ ദൈവത്തിന് മാത്രമാണ്. മറ്റുള്ളവർക്ക് മാനുഷിക അഭിപ്രായങ്ങൾ മാത്രമേയുള്ളു. അദൃശ്യമായ ഒരു പൈശാചിക ശക്തി ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതുകൊണ്ട് അദൃശ്യനായ ദൈവത്തെ സാക്ഷിയായും ജാമ്യക്കാരനായും ഇയ്യോബ് ക്ഷണിക്കുന്നു. "ദൈവം, അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല" (എബ്രാ.11:17). ഞാൻ ഇയ്യോബിന്റെ ദൈവമാണെന്ന് പറയുവാൻ ദൈവം ലജ്ജിക്കുന്നില്ല. ബാഹ്യമായ വസ്തുതകളെ വിലയിരുത്തി മനുഷ്യർ പലതും പറയും. എന്നാൽ സത്യം സത്യമായി സാക്ഷ്യം പറയുവാൻ സാക്ഷാൽ സത്യമായ ദൈവത്തിന് മാത്രമേ കഴിയൂ. ഇവിടുത്തെ സക്ഷികളൊക്കെ പണം വാങ്ങി കൂറു മാറും, കാലും മാറും.

## ഭക്തി മുറുകെ പിടിക്കുന്നവൻ

നിർദ്ദോഷൻ, നിഷ്ക്കളങ്കൻ, നേരുള്ളവൻ, ദൈവഭക്തൻ, ദോഷം വിട്ടകലുന്നവൻ ഇതാണ് ദൈവത്തിന്റെ സാക്ഷ്യം. ഇവയിൽ പിശാച് തകർക്കുവാൻ നോക്കിയത് അവന്റെ ഭക്തിയെയാണ്. സ്വന്തം ഭാര്യക്ക് തന്നെയും പറയുവാനുള്ളതും അതുതന്നെയാണ്. അവന്റെ കഷ്ടതയോടുകൂടി, കയ്പ്പുനീരും കുടിപ്പിക്കുവാൻ ഭാര്യ ശ്രമിക്കുന്നു. "നീ ഇനിയും നിന്റെ ഭക്തി മുറുകി പിടിച്ചുകൊണ്ടിരിക്കുന്നുവോ? ദൈവത്തെ ത്യജിച്ച് പറഞ്ഞ് മരിച്ചുകളക എന്നു പറഞ്ഞു" (2:9). പിശാചിന് പറവാനുള്ളതും ഇതു തന്നെ. "അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും" (1:11). ഇന്നും പിശാചിന്റെ ലക്ഷ്യവും ഇതു മാത്രമാണ്. നമ്മൾ ദൈവത്തെ ത്യജിച്ച് പറയണം. ഒരിയ്ക്കൽ പത്രൊസിനെ കോതമ്പ് പാറ്റുന്നതുപോലെ പാറ്റിക്കളയുവാൻ പിശാച് അനുവാദം ചോദിച്ചു. എന്നാൽ കർത്താവ് പത്രൊസിന് തുണ നിന്നു. എന്നാൽ ഇയ്യോബിന്റെ കാര്യത്തിൽ സമ്മതം കൊടുത്തു? അതിന്റെ കാരണം എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? ഇയ്യോബിനെ തൊട്ടതുപോലെ പത്രൊസിനെ തൊട്ടാൽ പതിനായിരം പ്രാവശ്യം ദൈവത്തെ തള്ളിപ്പറയും. നീ അവന്റെ കൂടെയുള്ളവനല്ലേ എന്നു മാത്രം ചോദിച്ചതേയുള്ളു അതിന് മൂന്നു സ്ഥലങ്ങളിലായി മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു. നമ്മോടൊപ്പം ആരാധിക്കുന്ന പലർക്കും ഇല്ലാത്ത പ്രതിസന്ധികൾ നമുക്ക് വരുന്നെങ്കിൽ നിരാശപ്പെടരുത്. നമ്മുടെ അകത്തെ മനുഷ്യന് ഉൾക്കരുത്തുണ്ട്. ഒപ്പമിരിക്കുന്ന വ്യക്തിക്ക് പ്രതിസന്ധികൾ കൊടുത്താൽ അവർ പിടിച്ചുനിൽക്കയില്ല. നമ്മുടെ സാമ്പത്തിക ചുറ്റുപാടുകളോ, ഈ ഭൂമിയിലെ നേട്ടങ്ങളൊ ഒന്നും പിശാചിന് വിഷയമല്ല. നാം അനുഭവിക്കുന്ന ദൈവസാന്നിധ്യം ദൈവത്തോടുള്ള നല്ല മന:സ്സാക്ഷി, ദൈവീക കരുതൽ, ദൈവത്തിലുള്ള ആഴമായ ആശ്രയം, ദൈവവുമായി നമ്മുടെ ബന്ധം എന്നിവ മുറിക്കുക എന്നതാണ് പിശാചിന്റെ ഏകലക്ഷ്യം. അതിനുവേണ്ടി താങ്കളുടെ സഹവിശ്വാസിയെയോ, താങ്കൾ ശുശ്രൂഷിക്കുന്ന സഭയിലെ വിശ്വാസികളെയോ, സഹപ്രവർത്തകരെയോ എന്തിനധികം ഭാര്യയെയോ, മക്കളെയോ സാത്താനുപയോഗിക്കും. ഇത് തിരിച്ചറിയണം.

ഇയ്യോബിലെ പല ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി പുതിയ നിയമത്തിലുണ്ട്. ഇയ്യോ.6:6-ൽ രുചിയില്ലാത്തത് ഉപ്പുകൂടാതെ തിന്നാമോ? മുട്ടയുടെ വെള്ളക്ക് രുചിയുണ്ടോ? ഒരിയ്ക്കലുമില്ല." അതിന് മറുപടി കൊളൊ.4:6-ൽ കാണാം. "ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയണം എന്ന് അറിയേണ്ടതിന് നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമായിരിക്കട്ടെ. തേമാന്യനായ ഏലിഫസും ബിൽദാദും ഒക്കെ വേദനിപ്പിക്കുന്ന ആശ്വാസകന്മാരായി. ഒരുത്തൻ തകർന്നിരിക്കുമ്പോൾ മുറിപ്പെടുത്താതെ കൃപയോടുകൂടിയ രണ്ട് വാക്ക് പറയുവാൻ കഴിയണം.

ഇയ്യോ.6:13-ൽ "ഞാൻ കേവലം തുണയില്ലാത്തവനല്ലയോ?" 2 തിമൊ.4:17-ൽ "കർത്താവോ എനിക്ക് തുണ നിന്നു" പഴയനിയമഭക്തനായ ഇയ്യോബ് തനിക്കാരും തുണയില്ലെന്ന് പരാതി പറയുമ്പോൾ പൗലൊസ് പറയുന്നു "മാനുഷികമായി ആരും എനിക്ക് തുണ നിന്നില്ല; എല്ലാവരും കൈവിട്ടു. എന്നാൽ കർത്താവ് എനിക്ക് തുണ നിന്നു." ഇയ്യോ.8:7-ൽ "നിന്റെ പൂർവ്വസ്ഥിതി അല്പമായി തോന്നും; നിന്റെ അന്ത്യസ്ഥിതി അതിമഹത്തായിരിക്കും" എന്താണ് അതിമഹത്തമായതെന്ന്

# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം

കൊരിന്ത്യലേഖനത്തിൽ കാണാം. "ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്ക് കിട്ടുവാൻ ഹേതുവാകുന്നു" (2 കൊരി.4:17). ഇന്നത്തെ നമ്മുടെ കഷ്ടതകൾ അല്പമായി തോന്നുന്നത് അതിമഹത്തായ തേജസ്സിന്റെ നിത്യഘനം ആത്മാവിൽ കാണുന്നതുകൊണ്ടാണ്. കാണുന്നതും താൽക്കാലികമായതും ഒരു ഭക്തന് വിഷയമല്ല. കാണാത്തതും നിത്യമായതും തലക്ക് കയറി പിടിച്ചാൽ ഈ കഷ്ടത അല്പമായി തോന്നും.

ഇയ്യോ.9:33-ൽ "ഞങ്ങളെ ഇതുവരെയും പറഞ്ഞു നിർത്തേണ്ടതിന് ഞങ്ങളുടെയിടയിൽ ഒരു മദ്ധ്യസ്ഥനുമില്ല.'' എന്നാൽ ഇതിന് മറുപടി "ദൈവം ഒരുവനല്ലോ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ" (1 തിമൊ.2:5). പാവനനായ ദൈവത്തിനും പാപിയായ മനുഷ്യനും മദ്ധ്യേ കാര്യങ്ങൾ പറഞ്ഞുതീർക്കാൻ ദൈവം തന്നെ മനുഷ്യവേഷമെടുത്ത് ഇറങ്ങിവന്നു. പാപം എന്ന ഭീകരത പറഞ്ഞുതീർക്കാൻ പറ്റാത്തതായതുകൊണ്ട് ക്രൂശിൽ യാഗമായി പ്രായശ്ചിത്തം നിവർത്തിച്ചു തീർത്തു. എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ നൽകിയാണ് ക്രിസ്തു മദ്ധ്യസ്ഥനായത്.

"നിന്റെ നാളുകൾ മനുഷ്യന്റെ നാളുകൾ പോലെയോ നിന്നാണ്ടുകൾ മർത്യന്റെ ജീവകാലം പോലെയോ?" (ഇയ്യോ.10:6). "നമുക്കറിഞ്ഞുകൂടാതവണ്ണം ദൈവം അത്യുന്നതൻ. അവന്റെ ആണ്ടുകളുടെ സംഖ്യ അറിഞ്ഞുകൂടാത്തത്" (ഇയ്യോ.36:26).

''കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയുമിരിക്കുന്നു" (2 പത്രൊ.3:8). മനുഷ്യന്റേതുപോലെ എഴുപതോ എൺപതോ വർഷംകൊണ്ട് തീരുന്നതല്ല ദൈവത്തിന്റ ആണ്ടുകൾ. വെളി.22:13-ൽ "ഞാൻ ആൽഫയും ഒമേഗയും, ഒന്നാമനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു" മാത്രമല്ല, എന്നും എന്നേക്കും അനന്യനാണ്. വെളി.10:6-ൽ പറയുന്നു "ഇനി കാലമുണ്ടാകയില്ല." ചുരുക്കിപ്പറഞ്ഞാൽ എന്നുമെന്നേക്കും നിത്യമായി വാഴും.

ഇയ്യോ.13:15-ൽ "അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും." ഇത് പൗലൊസ് അല്പം കൂടി വിശദമാക്കുന്നു. "മരണത്തിനോ ജീവനോ, ദൂതന്മാർക്കോ, വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റ് യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുവാന് കഴിയുകയില്ല" (റോമ.8:38,39). നാം നേരിടുന്ന പ്രതിസന്ധികൾക്കോ കഷ്ടതകൾക്കോ രോഗങ്ങൾക്കോ അപവാദങ്ങൾക്കോ ഇല്ലായ്മകൾക്കോ ഒന്നും ദൈവത്തോടുള്ള ഭക്തിയിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കുവാൻ കഴിയുകയില്ല.

"എന്റെ അകൃത്യങ്ങളും പാപങ്ങളും എത്ര? എന്റെ അതിക്രമവും പാപവും എന്നെ ഗ്രഹിപ്പിക്കേണമെ" (ഇയ്യ.13:23). "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു" (എഫേ.2:10). പഴയനിയമഭക്തൻ അകൃത്യങ്ങളും പാപങ്ങളും എത്രയെന്ന് ചോദിക്കുന്നു. എന്നാൽ പുതിയനിയമത്തിൽ അതിന്റെ ശാശ്വതപരിഹാരമാണ് പറയുന്നത്. "നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി.'' അതിക്രമത്തിന്റെയും പാപത്തിന്റെയും ഭീകരത എത്രയാണെന്ന് ഗ്രഹിക്കാൻ ക്രൂശിൽ നോക്കിയാൽ മതി.

ഇയ്യോ.13:26-ൽ ''കയ്പായു



# കഷ്ടതയെ തിരിച്ചറിയുക

പാ. ബിജു പി.സാം

ള്ളത് നീ എനിക്കെഴുതി വെച്ചു. എന്റെ യൗവ്വനത്തിലെ അകൃത്യങ്ങൾ എന്നെ അനുഭവിപ്പിക്കുമാറാക്കുന്നു." "അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച് ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായ്ച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞു" (കൊളൊ.2:14). പഴയനിയമ ഭക്തൻ തനിക്കെതിരെ എഴുതിവെച്ച യൗവ്വനത്തിലെ അകൃത്യങ്ങളുടെ കയ്പ്പനുഭവിക്കുമ്പോൾ പുതിയനിയമത്തിൽ - ക്രിസ്തു അത് ക്രൂശിൽ വെച്ച് നീക്കിക്കളഞ്ഞു. നാം ചെയ്ത പാപങ്ങളാണ് ഈ കയ്യെഴുത്ത്. മറ്റൊരു ഭാഷ്യത്തിൽ കീറിക്കളഞ്ഞുവെന്നാണ്. ക്രിസ്തു നമ്മുടെ പാപങ്ങളെ വഹിച്ച് ക്രൂശിൽ കിടക്കുമ്പോൾ അവന്റെ തലയിൽ മുൾക്കിരീടം അടിച്ചിറക്കി. അവന്റെ പുറം ഉഴവുചാൽപോലെ ഉഴുതുമറിച്ചു. അവന്റെ വിലാപ്പുറം കുത്തിത്തുറന്നു. കൈകാലുകളിൽ ആണി അടിച്ചിറക്കി. അപ്പോൾ അത്രയും ഭാഗം കീറിപ്പോയി. നമുക്കെതിരേ പിശാച് പൊക്കിപിടിച്ച നമ്മുടെ പാപങ്ങൾ ക്രിസ്തു ക്രൂശിൽ കീറിക്കളഞ്ഞു. അഥവാ നീക്കിക്കളഞ്ഞു.

ഇയ്യോ.14:4-ൽ "അശുദ്ധനിൽ നിന്നും ജനിച്ച വിശുദ്ധനുണ്ടോ? ഒരുത്തനുമില്ല." റോമ.3:10-ൽ "നീതിമാൻ ആരുമില്ല, ഒരുത്തൻപോലുമില്ല, ഗ്രഹിക്കുന്നവനില്ല; ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു.'' "ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായി തീരും" (റോമ.5:19).

ഇയ്യോ.14:10 "പുരുഷനോ മരിച്ചാൽ ദ്രവിച്ചുപോകുന്നു; മനുഷ്യൻ പ്രാണനെ വിട്ടാൽ പിന്നെ അവൻ എവിടെ?" 1 തെസ്സ.4:16 "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും." പൗലൊസ് മറ്റൊരുഭാഗത്ത് അല്പംകൂടി വ്യക്തമാക്കുന്നു. 1 കൊരി.15:52 ''എന്നാൽ അന്ത്യകാഹളത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും." പഴയനിയമത്തിൽ ശലേമോൻ പറയുന്നത് ഇയ്യോബ് പറഞ്ഞത് തന്നെയാണ്. "മനുഷ്യരുടെ ആത്മാവ് മേലോട്ട് പോകുന്നുവോ? മൃഗങ്ങളുടെ ആത്മാവ് കീഴോട്ട് ഭൂമിയിലേക്ക് പോകുന്നുവോ? ആർക്കറിയാം" (സഭാ.3:21). എന്നാൽ പുതിയനിയമത്തിൽ വ്യക്തമായി ഉത്തരം ലഭിക്കുന്നു. സഭാപ്രസംഗിയിൽ മനുഷ്യനും മൃഗങ്ങൾക്കും, രണ്ടിനും ഗതി ഒന്നുതന്നെയെന്ന് ശലേമോൻ പറയുന്നത് മൃഗംപോലെ ജീവിക്കുന്നവരെക്കുറിച്ചാണ്. ''മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്ക് തുല്യനത്രേ." മനുഷ്യൻ മൃഗമായാൽ മൃഗത്തേക്കാൾ മോശമാകും. മൃഗംപോലും ചെയ്യാത്തതായ കാര്യങ്ങൾ ഇന്ന് മനുഷ്യർ ചെയ്യുന്നു. അങ്ങനെ നോക്കുമ്പോൾ ശലേമോൻ പറയുന്നത് സത്യമല്ലേ? എന്നാൽ ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുപ്പ് പ്രാപിച്ചവർക്ക് ചില പ്രത്യേകതകളുണ്ട്. ക്രിസ്തുവിൽ ജനിച്ച്, ക്രിസ്തുവിൽ ജീവിച്ച്, ക്രിസ്തുവിൽ മരിച്ചവർ കർത്താവിന്റെ കാഹളധ്വനിയിൽ ഉയിർത്തെഴുന്നേൽക്കും. ഇയ്യോ.14:14 "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? അതിന്റെ മറുപടി "യേശു അവളോട്; ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25).

ഇയ്യോ.17:14,15 "ഞാൻ ദ്രവത്വത്തോട് നീ എന്റെ അപ്പനെന്നും പുഴുവിനോട് നീ എന്റെ അമ്മയും സഹോദരിയും എന്നും പറഞ്ഞിരിക്കുന്നു. അങ്ങനെയിരിക്കെ എന്റെ പ്രത്യാശ എവിടെ?" 1 കൊരി.15:23 "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യതയെയും ധരിക്കേണം. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യതയെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നെഴുതിയ വചനം നിവർത്തിയാകും."

ഇയ്യോ.19:25 "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുന്നു എന്നും ഞാൻ അറിയുന്നു.'' എബ്രാ.7:25-ൽ "അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷപാതം ചെയ്യുവാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു".



# കൃപയുടെ ഉറവിടം

പാ. ബാബു പയറ്റനാൽ (ചർച്ച് ഓഫ് ഇറ്റേണിറ്റി ഇരിട്ടി, 9846848950)

**എ**ന്താണ് ദൈവകൃപ? സ്വർഗ്ഗീയ കൃപാസനത്തിൽ നിന്ന് താഴ്മയുള്ള മനുഷ്യഹൃദയങ്ങളിലേക്ക് ഒഴുകുന്ന ദൈവ സ്നേഹമാണ് ദൈവകൃപ. "എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃശ.8:17). "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ" (തീത്തോ.2:11). "ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപ ലഭിച്ചവളേ, നിനക്ക് വന്ദനം; കർത്താവ് നിന്നോടുകൂടെയുണ്ട് എന്നു പറഞ്ഞു" (ലൂക്ക.1:28).

നാം ഒരിക്കലും അർഹിക്കാത്ത, നമുക്ക് സ്വയം നേടാൻ കഴിയാത്ത ഒന്ന്, നൽകുന്ന ആളിന്റെ നന്മകൊണ്ട് മാത്രം നമുക്ക് ലഭിക്കുന്നതാണ് ദൈവകൃപ. "ഇത് ഹേതുവായിട്ടത്രേ ഞാൻ നിങ്ങളോട്: പിതാവ് കൃപ നൽകിയിട്ടല്ലാതെ ആർക്കും എന്റെയടുക്കൽ വരുവാൻ കഴിയുകയില്ല എന്ന് പറഞ്ഞത്'' (യോഹ.6:65) എന്നും അവൻ പറഞ്ഞു. "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്: അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല'' (എഫേ.2:8,9).

ദൈവത്തിന്റെ കൃപയും മനുഷ്യന്റെ വിശ്വാസവും തമ്മിൽ കൂടിച്ചേരുമ്പോഴാണ് ഒരു മനുഷ്യന് പാപത്തിൽ നിന്നുള്ള മോചനം അതായത് വീണ്ടും ജനനമുണ്ടാകുന്നത്. യോഹ.3:5,7 – അതിന് യേശു: "ആമേൻ, ആമേൻ ഞാൻ നിന്നോട് പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല. ജഡത്താൽ ജനിച്ചത് ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു. പുതുതായി ജനിക്കണം എന്ന് ഞാൻ നിന്നോട് പറയുകയാൽ ആശ്ചര്യപ്പെടരുത്. കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവ വചനത്താൽ തന്നെ, നിങ്ങൾ വീണ്ടുംജനിച്ചിരിക്കുന്നു" (1 പത്രൊ.1:23).

**ആരാണ് കൃപ നൽകുന്നത്? കൃപാനിധിയായ ദൈവം............**

യോഹ.6:44 – "എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെയടുക്കൽ വരുവാൻ കഴിയുകയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേൽപ്പിക്കും." പുറ.33:19 – "അതിന് അവൻ: ഞാൻ എന്റെ മഹിമ ഒക്കെയും നിന്റെ മുമ്പാകെ കടക്കുമാറാക്കി യഹോവയുടെ നാമത്തെ നിന്റെ മുമ്പാകെ ഘോഷിക്കും; കൃപ ചെയ്യുവാൻ എനിക്ക് മനസ്സുള്ളവനോട് ഞാൻ കൃപ ചെയ്യും; കരുണ കാണിപ്പാൻ എനിക്ക് മനസ്സുള്ളവനോട് ഞാൻ കരുണ കാണിക്കും എന്ന് അരുളിച്ചെയ്തു."

നാം എത്ര അദ്ധ്വാനിച്ചാലും, സൽപ്രവൃത്തികൾ ചെയ്താലും സ്വയം നേടാൻ കഴിയാത്തതാണ് ദൈവകൃപ. ദൈവത്തിന്റെ നന്മയുടെയും നമ്മോടുള്ള സ്നേഹത്തിന്റെയും ഫലമായി ദൈവത്തിൽ നിന്നും നമുക്ക് സൗജന്യമായി ലഭിക്കുന്ന ഏറ്റവും വലിയ ഒരു ആത്മീയ അനുഗ്രമാണ് ദൈവകൃപ. "കൃപയാൽ എങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല" (റോമ.11:6). "തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു" (ലൂക്കോ.24:45). (തിരുവെഴുത്തുകളെ മനസ്സിലാക്കാൻ ബുദ്ധിയെ തുറക്കുന്നത് ദൈവമാണ്). ''തൂയത്തൈരാ പട്ടണക്കാരത്തിയും രക്താംബരം വിൽക്കുന്നവളുമായി ലുദിയാ എന്നു പേരുള്ള ദൈവഭക്തയായ ഒരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. പൗലൊസ് സംസാരിച്ചത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് അവളുടെ ഹൃദയം തുറന്നു (തിരുവെഴുത്തുകളെ മനസ്സിലാക്കുവാൻ ഹൃദയത്തെ തുറക്കുന്നത് ദൈവമാണ്) (അപ്പൊ.16:14). "വിരോധികൾക്ക് ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നൽകുമോ എന്നും" (2 തിമോ.2:25) – വിരോധികൾക്ക് സത്യത്തിന്റെ പരിജ്ഞാനത്തിനായി മാനസാന്തരം നൽകകുന്നതും ദൈവമാണ്. "ഞങ്ങൾ ലോകത്തിൽ, വിശേഷാൽ നിങ്ങളോട്, ജഡജ്ഞാനത്തിലല്ല, ദൈവകൃപയിലത്രേ, ദൈവം നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നുവെന്ന് ഞങ്ങളുടെ മന:സ്സാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെ പ്രശം



# കൃപയുടെ ഉറവിടം

പാ. ബാബു പയറ്റനാൽ

സ" (2 കൊരി.1:12) – വിശുദ്ധിയിലും നിർമ്മലതയിലും നമ്മെ നടത്തുന്നത് ദൈവകൃപയാലത്രേ. "എല്ലാ നല്ല ദാനവും തികഞ്ഞ വരമൊക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു. അവന് വികാരമൊ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല" (യാക്കോ.1:17). "എങ്കിലും ഞാൻ ആകുന്നത് ദൈവകൃപയാലാകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല; അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചിരിക്കുന്നു. എന്നാൽ ഞാനല്ല എന്നോടുകൂടിയുള്ള ദൈവകൃപയത്രേ" (1 കൊറി.15:10).

**ആർക്കാണ് ദൈവം കൃപ നൽകുന്നത്? താഴ്മയുള്ളവർക്ക്..........**

"എന്നാൽ അവൻ അധികം കൃപ നൽകുന്നു; അതുകൊണ്ട് ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു" (യാക്കോ.4:6) എന്ന് പറഞ്ഞിരിക്കുന്നു. "ഇളയവരെ മൂപ്പന്മാർക്ക് വിധേയരായിരിപ്പിൻ. അന്യോന്യം ഇടപെടുന്നതിൽ നിങ്ങൾ എല്ലാവരും താഴ്മ ധരിച്ചുകൊൾവ്വിൻ. എന്തുകൊണ്ടെന്നാൽ ദൈവം അഹങ്കാരികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു" (1 പത്രൊ.5:5).

എല്ല പാപത്തിന്റെയും ഉത്ഭവം നിഗളത്തിലും സ്വാർത്ഥതയിലുമാണ്. അതുപോലെ, ക്രിസ്തുവിന്റെ എല്ലാ നന്മയുടെയും ഉത്ഭവം താഴ്മയിലും നിസ്വാർത്ഥതയിലുമാണ്. ദൈവകൃപ ലഭിച്ച യേശുക്രിസ്തുവിന്റെ അമ്മ പറഞ്ഞു 'അവളുടെ താഴ്മയെ ദൈവം കടാക്ഷിച്ചു' എന്ന്. "അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും" (ലൂക്കോ.1:48). യേശുക്രിസ്തു പറഞ്ഞു: ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകുന്നു. "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" (മത്താ.11:29). "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവ്വിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണവുംകൂടി നോക്കണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ" (ഫിലി.2:3–5).

നാം നമ്മെ എത്രയധികം താഴ്ത്തുമോ അത്രയധികം കൃപ ദൈവത്തിൽ നിന്ന് നാം പ്രാപിക്കും. അപ്പോൾ നാം യേശുക്രിസ്തുവിൽ ജീവിക്കുകയും ക്രിസ്തുവിന്റെ സ്വഭാവം കൂടുതൽ കൂടുതൽ നമ്മുടെ ജീവിതങ്ങളിലേക്ക് വെളിപ്പെടുകയും ചെയ്യും. "അതുകൊണ്ട് ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി, മനസ്സലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചുകൊണ്ട് അന്യോന്യം പൊറുക്കുകയും ഒരുവനോട് ഒരുവൻ വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കുകയും ചെയ്യുവിൻ. എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" (കൊളോ.3:12–15). ആർക്കെങ്കിലും പാപത്തിന്റെമേൽ ജയമില്ലെങ്കിൽ അത് വ്യക്തമായി കാണിക്കുന്നത് അവൻ അവനെത്തന്നെ താഴ്ത്തിയിട്ടില്ല എന്നാണ്. കാരണം തന്നെത്താൻ താഴ്ത്തുന്നവനെല്ലാം തീർച്ചയായും കൃപ പ്രാപിക്കും. 2 ദിന.7:14–ൽ "എന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുപിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനും സൗഖ്യം വരുത്തിക്കൊടുക്കും." "അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പീൻ. അവൻ നിങ്ങൾക്കായ് കരുതുന്നതാകയാൽ

"എന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുപിരിയുമെങ്കിൽ,ഞാൻ സ്വർഗ്ഗത്തിൽ നിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനും സൗഖ്യം വരുത്തിക്കൊടുക്കും."

(2 ദിന.7:14)

# കൃപയുടെ ഉറവിടം

പാ. ബാബു പയറ്റനാൽ

നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊള്ളുവിൻ'' (1 പത്രൊ.5:6,7).

അതുപോലെ കൃപയ്ക്കു കീഴിൽ വരുന്ന എല്ലാവരും തീർച്ചയായും പാപത്തിൽ നിന്ന് സ്വാതന്ത്ര്യം പ്രാപിക്കും. "നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. എന്നാൽ എന്ത്? ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുത്. എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിന് സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം" (റോമ.6:14-18). ദൈവത്തിന്റെ കൃപ മനുഷ്യരുടെ പാപങ്ങളെ മായ്ച്ചുകളഞ്ഞ് അവരെ പുതിയ സൃഷ്ടികളാക്കുന്നു. ''ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊള്ളുവിൻ" (അപ്പൊ.3:19). "അവന്റെ നിറവിൽ നിന്ന് നമുക്കെല്ലാവർക്കും കൃപ മേൽ കൃപ ലഭിച്ചിരിക്കുന്നു. ന്യായപ്രമാണം മോശ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു'' (യോഹ.1:16,17). അതുകൊണ്ട് കൃപ പലരിലും പെരുകി ദൈവത്തിന്റെ മഹിമയ്ക്കായി സ്തോത്രം വർദ്ധിപ്പിക്കണമെന്നതാണ് ദൈവഹിതം. "കൃപ പലരിലും പെരുകി ദൈവത്തിന്റെ മഹിമക്കായി സ്തോത്രം വർദ്ധിപ്പിക്കേണ്ടതിന് സകലവും നിങ്ങൾ നിമിത്തമല്ലോ ആകുന്നു" (2 കൊരി.4:15).

പാപത്തിന്റെ ഫലമായി ശിക്ഷിക്കപ്പെടേണ്ട മനുഷ്യനെ ദൈവകൃപ ശിക്ഷയിൽ നിന്നും മോചിതരാക്കുന്നു. പാപത്താൽ മുഷിഞ്ഞതും കളങ്കിതവുമായ വസ്ത്രം നീക്കി, രക്ഷയുടെ പുതിയ ശുഭ്രവസ്ത്രം അവർക്ക് നൽകുന്നു. "അവൾക്ക് ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു; ആ വിശേഷവസ്ത്രം വിശുദ്ധന്മാരുടെ നീതിപ്രവൃത്തികൾ തന്നെ" (വെളി.19:8). ''ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ'' (വെളി.22:14).

കൃപയുടെ പൂർത്തീകരണമാണ് യേശുക്രിസ്തു. അവൻ ലോകത്തിലേക്ക് വന്നത് പാപം മൂലം ശാപത്തിൽപെട്ടുപോയ മനുഷ്യരാശിയെ വീണ്ടെടുക്കാനാണ്. അവൻ നൽകുന്ന രക്ഷയും വീണ്ടെടുപ്പും തികച്ചും സൗജന്യമാണ്. അതിനു പകരം നൽകാൻ നമുക്കൊരിക്കലും സാധ്യമല്ല. "വചനം ജഡമായിതീർന്നു.


## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും
അയക്കേണ്ട വിലാസം:

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

**ദേവസ്യാ മുല്ലക്കര, PB.No.1**
**ചെറുപുഴ P.O**
**കണ്ണൂർ (ജില്ല), കേരള.**
**പിൻകോഡ്: 670 511.**
**Ph:04985-213999**

e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും.
NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

(ചെക്കുകളിൽ ദേവസ്യാ മുല്ലക്കര എന്നോ ചർച്ച് ഓഫ് ഇറ്റേണിറ്റി എന്നോ ഏതെങ്കിലും ഒന്നുമാത്രം എഴുതുക)

# കൃപയുടെ ഉറവിടം

പാ. ബാബു പയറ്റനാൽ

കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ.1:14). "എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാവരത്തിന്റെ കാര്യവും ഒരുപോലെയല്ല; ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റവും അധികം കവിഞ്ഞിരിക്കുന്നു" (റോമ.5:15).

**ദൈവകൃപ ലഭിക്കാത്തവരുടെ അവസ്ഥ എങ്ങനെ?**

ശത്രുവായ പിശാച് അവരുടെ മനസ്സും കണ്ണും കുരുടാക്കി ഹൃദയം തടിപ്പിച്ചിരിക്കുന്നു. "ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ കണ്ണ് കുരുടാക്കി" (2 കൊരി.4:4). "അവർ കണ്ണുകൊണ്ട് കാണുകയോ ഹൃദയംകൊണ്ട് ഗ്രഹിക്കുകയോ മനംതിരിയുകയോ താൻ അവരെ സൗഖ്യമാക്കുകയോ ചെയ്യാതിരിക്കേണ്ടതിന് അവരുടെ കണ്ണ് അവൻ കുരുടാക്കി ഹൃദയം തടിപ്പിച്ചിരിക്കുന്നു" (യോഹ.12:40). അവരുടെ മനസ്സ്, കണ്ണ്, ഹൃദയം കുരുടാക്കി വെച്ചിരിക്കുന്നതിനാൽ അവർ സുവിശേഷം എത്ര കേട്ടാലും വായിച്ചാലും മനസ്സിലാവുകയില്ല.

"അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു" (യോഹ.12:43).

**അനേകർക്ക് ദൈവകൃപ ലഭിക്കാത്തതിന്റെ കാരണം?**

ദൈവം മനുഷ്യന് സ്വയം തീരുമാനമെടുക്കാനും നന്മതിന്മകളെ തിരിച്ചറിയുവാനുമുള്ള സ്വതന്ത്ര ഇച്ഛ നൽകിയിരിക്കുന്നു. അതിനാൽ മനുഷ്യൻ സത്യത്തെ അന്വേഷിച്ച് കണ്ടെത്തേണ്ടതുണ്ട്. അനേകർ ദൈവത്തെ ജാഗ്രതയോടെ അന്വേഷിക്കുന്നില്ല. അന്വേഷിച്ചാൽ കണ്ടെത്തുമെന്ന് വചനം പറയുന്നു. "യാചിപ്പീൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അന്വേഷിപ്പീൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും" (മത്താ.7:7). "എങ്കിലും അവിടെവെച്ച് നിന്റെ ദൈവമായ യഹോവയെ നീ തിരയുകയും പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കുകയും ചെയ്താൽ അവനെ കണ്ടെത്തും" (ആവ.4:29). "എന്നാൽ അവർ തങ്ങളുടെ ഞെരുക്കത്തിൽ ഇസ്രയേലിന്റെ ദൈവമായ യഹോവയിങ്കലേക്ക് തിരിഞ്ഞ് അവനെ അന്വേഷിച്ചപ്പോൾ, അവർ അവനെ കണ്ടെത്തി" (2 ദിന.15:4). "യഹോവയുടെ ന്യായം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൗമ്യന്മാരുമായുള്ളോരെ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പീൻ; സൗമ്യത അന്വേഷിപ്പിൻ; പക്ഷേ നിങ്ങൾക്ക് യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം" (സെഫാ.2:3). അനേകർ ദൈവകല്പനക്കല്ല തങ്ങളുടെ വ്യർത്ഥമായ പിതൃപാരമ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുത്ത് ദൈവത്തോട് മത്സരിക്കുന്നു. "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്ന് നിങ്ങളറിയുന്നുവല്ലോ" (1 പത്രൊ.1:18,19). "മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്ന് എഴുതിയിരിക്കന്നതുപോലെ തന്നെ. നിങ്ങൾ ദൈവകല്പന വിട്ടുകളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു. പിന്നെ അവരോട് പറഞ്ഞത് നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻവേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നത് നന്നായി" (മർക്കോ.7:7-9). "രക്ഷ ദുഷ്ടന്മാരോട് അകന്നിരിക്കുന്നു; അവർ നിന്റെ ചട്ടങ്ങളെ അന്വേഷിക്കുന്നില്ലല്ലോ" (സങ്കീ.119:155). "ഒരു കാര്യം മാത്രം ഞാൻ കണ്ടിരിക്കുന്നു; ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചുവരുന്നു" (സഭാ.7:29).

ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; എന്നാൽ താഴ്മയുള്ളവർക്ക് അവൻ കൃപ നൽകുന്നു. നാം അഹങ്കാരികളാണെങ്കിൽ, അപ്പോൾ നമ്മുടെ ഉപദേശങ്ങളെല്ലാം ശരിയായിരുന്നാൽ പോലും, നാം പരീശന്മാരെപ്പോലെ ആത്മീകയാഥാർത്ഥ്യങ്ങളെ സംബന്ധിച്ച് വഞ്ചിതരും അന്ധരുമായി അവസാനിക്കും. തങ്ങളുടെ കാലത്തുണ്ടായിരുന്ന, ദൈവത്തിന്റെ യഥാർത്ഥപ്രവാചകനായ യേശുവിനെ പരീശന്മാർക്ക് തിരിച്ചറിയാൻ കഴിയാഞ്ഞതുപോലെ

(ശേഷം 33-ാം പേജിൽ)



# അന്ത്യകാലത്തെക്കുറിച്ചുള്ള മൂന്നു പ്രസ്താവനകൾ

പാ. അനിൽ എസ് (ചർച്ച് ഓഫ് ഇറ്റേണിറ്റി ചേർത്തല, 9747900499)

1. **തിരുവചനത്തെ നിഷേധിക്കുന്നവർ.**
2. **ലോകജനത്തിന്റെ ജീവിതരീതി.**
3. **ദൈവജനത്തിന്റെ പ്രത്യാശ.**

**1. തിരുവചനത്തെ നിഷേധിക്കുന്നവർ:-**

അന്ത്യകാലത്ത് സംഭവിക്കാൻ പോകുന്ന വളരെയേറെ വിഷയങ്ങൾ ബൈബിളിലുണ്ട്. അതിൽ മൂന്ന് പ്രത്യേക വിഷയങ്ങൾ ഓർപ്പിക്കുന്നു. ദൈവജനത്തിന്മേൽ സാത്താന്റെ കരം വന്നുകൊണ്ടിരിക്കുന്ന ദുഷ്കാലമാണിത്. തിരുവചനം ഉപയോഗിച്ചുകൊണ്ട് ദൈവപുത്രനായ യേശുവിനെ പരീക്ഷിക്കുവാൻ മടിക്കാത്ത തന്ത്രജ്ഞനായ സാത്താൻ ലോകാന്ത്യഘട്ടങ്ങളിൽ തനിക്കിനി ഏറെനാൾ ഇല്ലെന്നറിഞ്ഞുകൊണ്ട് സിംഹംപോലെ അലറിയോടി മനുഷ്യന്റെ ആത്മീയത വിഴുങ്ങുവാൻ അവനെ സമീപിക്കുന്നു. അരൂപനായ പിശാച് ശരീരമുള്ള ചില വ്യക്തികളെയാണതിന് തിരെഞ്ഞെടുക്കുന്നത്. "അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ട ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്ന്പറഞ്ഞ് സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ" (2 പത്രൊ.3:3-4). കർത്താവിന്റെ പുനരാഗമനത്തെ നിഷേധിക്കുന്ന സംഘങ്ങൾ ക്രിസ്തീയ സംഘടനകളിൽ നിന്നുതന്നെ രംഗപ്രവേശം ചെയ്തുകഴിഞ്ഞു. സ്വന്തം ജഡികമോഹങ്ങളുടെ ഉല്ലാസങ്ങളിൽ പുളച്ച് മദിക്കുവാൻ തടസ്സങ്ങളെല്ലാം ഒഴിവാക്കിയെടുക്കുകയാണെന്നതാണ് അവരുടെ ഉദ്ദേശ്യം. അതിൽ ഏറ്റവും തടസ്സമായിട്ട് അവർ കാണുന്നത് വിശുദ്ധ വേദപുസ്തകമാണ്, പ്രത്യേകിച്ചും പുതിയ നിയമം. കർത്താവിന്റെ വരവ്, ഭാവിപ്രത്യാശ, വിശുദ്ധജീവിതം തുടങ്ങിയ ആത്മീയവിഷയങ്ങളെ തകിടം മറിക്കുന്നവർ ആരായാലും ചിന്തിച്ചുകൊൾക. അവരാണ് പിശാചിന്റെ ശിഷ്യന്മാർ. അന്ത്യകാലത്ത് വരുമെന്ന് പ്രവചിച്ച വചനം പോലെ വന്നെത്തിയിരിക്കുന്നവർ. ദൈവസ്നേഹവും ആത്മീയവീക്ഷണവും ആഗ്രഹമുള്ളവരാരും ആ ചതിയിലകപ്പെട്ടുപോകരുത്.

**2. ലോകജനത്തിന്റെ ജീവിതരീതി**

ഈ ലോകത്ത് അധിവസിക്കുന്ന ജനങ്ങളിൽ അന്ത്യകാലത്ത് വന്നുചേരുമെന്ന് പ്രവചിച്ച രണ്ടാമത്തെ കാര്യം: കുത്തഴിഞ്ഞ പുസ്തകം പോലെ, ഇളകിയ കടലാസുകൾ കാറ്റിൽ പാറിപ്പറക്കുംപോലെ, മനുഷ്യർ തങ്ങളുടെ ജീവിതത്തെ അലക്ഷ്യമാക്കുമെന്നുള്ളതാണ്. "അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരുമെന്ന് അറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സത്ഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും" (2 തിമൊ.3:1-5).

നാം ജീവിക്കുന്ന ഈ അന്ത്യകാലഘട്ടത്തിൽ തന്നെ ഈ വചനംപോലെ ജീവിക്കുന്ന എത്രയെത്ര അധമന്മാർ മനുഷ്യസമൂഹത്തിലുണ്ട്. സ്വന്തം കാര്യങ്ങളുടെ സാധ്യതയ്ക്കുവേണ്ടി എന്ത് വ്യാജവും പ്രവർത്തിക്കുവാനും സംസാരിക്കുവാനും മടിക്കാത്ത മനുഷ്യർ. ദ്രവ്യാഗ്രഹത്തിന്റെ ക്ലൈമാക്സിൽ വമ്പ് പറഞ്ഞ് ചൂഷണം ചെയ്ത് ജീവിക്കുന്നവർ കീഴ്വഴക്കമില്ലാത്തവരും മാതാപിതാക്കളെ അശ്ശേഷംപോലും വകവെയ്ക്കാത്തരുമായവർ, എത്ര നന്മചെയ്തുകൊടുത്താലും അണുവിട നന്ദികാട്ടാത്ത ഇരുണ്ട മനസ്ഥിതിയുള്ളവർ, ആരോടും ആത്മാർത്ഥ സഹകരണില്ലാത്ത ദുഷ്ടസന്തതികൾ, ഉഗ്രഭാവമുള്ള ഇന്ദ്രിയജയമില്ലാത്ത കഠിനന്മാർ, സത്പ്രവൃത്തികളെ പുച്ഛിച്ചുതള്ളി നിഗളിച്ച് ചാടിനടന്ന് അനേകരെ അധമപാതാളത്തിലേക്കയയ്ക്കുന്ന വഞ്ചകർ, വേഷഭക്തി

# അന്ത്യകാലത്തെക്കുറിച്ചുള്ള മൂന്നു പ്രസ്താവനകൾ

പാ. അനിൽ എസ്

കൊണ്ട് പലരെയും, പടുകുഴിയിൽ തള്ളുന്നവർ ഈ വകയെല്ലാം അന്ത്യകാലത്ത് രംഗപ്രവേശം ചെയ്യുന്ന തലമുറകളാണ്. അങ്ങനെയുള്ളവരെ വിട്ടൊഴിയുക.

**3. ദൈവജനത്തിന്റെ പ്രത്യാശ**

അന്ത്യാകാലത്തേക്കുള്ള ഒരു അനുഗ്രഹീത സ്വർഗ്ഗീയ സംഭാവനകൂടിയുണ്ട്. അത് പ്രാപിച്ചാൽ മുൻകണ്ട സകല അശുദ്ധികളിൽ നിന്നും നമുക്ക് ഒഴിഞ്ഞുമാറി ജീവിക്കുവാൻ കഴിയും.

"അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങൾ ദർശിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും. എന്റെ ദാസന്മാരുടെമേലും ദാസിമാരുടെമേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും. അവരും പ്രവചിക്കും" (അപ്പൊ.2:17,18).

ദുരിതദു:ഖസമ്മിശ്രമായവയും അശുദ്ധികളുടെ അഴിഞ്ഞാട്ടവും നടക്കുന്ന ഈ തലമുറകളുടെ നടുവിൽ ഞെരുങ്ങി വിമ്മിഷ്ടപ്പെട്ട് ജീവിക്കുന്ന ദൈവജനത്തിന് ആശ്വാസം പകരുന്ന അനുഗ്രഹവർഷമാണ് ഈ തിരുവചനങ്ങൾ. സ്വർഗ്ഗീയമർമ്മങ്ങളെ അറിയിക്കുവാൻ കരുത്ത് നൽകുന്ന പരിശുദ്ധാത്മാവിനെ, ദർശനങ്ങളും സ്വപ്നങ്ങളും സത്യമായത് കാട്ടിത്തരുന്ന പരിശുദ്ധാത്മാവിനെ, ദൈവമക്കൾക്ക് സ്വർഗ്ഗീയപിതാവ് നല്കും. നമ്മിലോരോരുത്തരിലും ക്രിയ ചെയ്യുന്ന സത്യാത്മാവ് നമ്മെ സകല സത്യത്തിലും, വഴിനടത്തി അക്കരെയെത്തിക്കും.●


## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

*എറണാകുളം അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.
0484-4033178

*ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
04985-213999

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

ദേവസ്യാ മുല്ലക്കര സാർ
സമയം: രാവിലെ 7 മുതൽ 9 വരെ
9947955111
(Time 7 am- 9am)

e-mail: ekmoffice@gmail.com
our official website: www.churchofeternity.org



# പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും



പാ. സജി ചെരുവുംകാലാ (ചർച്ച് ഓഫ് ഇറ്റേണിറ്റി പോത്തന്നൂർ, 7012913282)

ലോകത്തിലെ മിക്ക മതങ്ങളും സ്വർഗ്ഗത്തെ അംഗീകരിക്കുന്നവയാണ്. എന്നാൽ ഒരോ മതത്തിന്റെയും സ്വർഗ്ഗത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകൾ ഏറെ വ്യത്യാസപ്പെട്ടിരിക്കും. മദ്യവും മദിരാക്ഷിയും ഏറെ ലഭിക്കുന്നതാണ് ചില മതങ്ങളിലെ സ്വർഗ്ഗം. അർദ്ധനഗ്നരായ സ്ത്രീകൾ മദ്യം വിളമ്പുന്നതും മറ്റു പല സുഖസൗകര്യങ്ങളും നിറഞ്ഞതാണ് ചില മതങ്ങളുടെ സ്വർഗ്ഗം. ഈ ലോകത്തിൽ പാപമെന്ന് പറഞ്ഞ് ഉപേക്ഷിക്കുന്ന പലതും ഇക്കൂട്ടർക്ക് അവരുടെ സ്വർഗ്ഗത്തിൽ ലഭിക്കുമെന്ന് സാരം.

സ്വർഗ്ഗവും നരകവും ഇല്ലായെന്ന് ചിലർ വിശ്വസിക്കുന്നു. ദൈവത്തെയോ, പിശാചിനെയോ ദൂതന്മാരെയോ, പുനരുത്ഥാനത്തെയോ ന്യായവിധിയെയോ ഒന്നിനെയും ഇക്കൂട്ടർ വിശ്വസിക്കുകയോ, അംഗീകരിക്കുകയോ ചെയ്യുന്നില്ല. സ്വർഗ്ഗവും നരകവും ഈ ലോകത്തിൽ തന്നെയാണെന്ന് ചിലർ വിശ്വസിക്കുന്നു. സ്വർഗ്ഗമുണ്ട്; എന്നാൽ അത് മനുഷ്യന്റെ മരണ പുനരുത്ഥാനങ്ങൾക്കു ശേഷം മാത്രം ചെന്നുചേരുവാൻ കഴിയുന്ന ഒരിടമാണെന്നത്രേ അനേകം വിശ്വാസികൾ ധരിച്ചുവെച്ചിരിക്കുന്നത്. ബൈബിളിലെ ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യം ഇതിൽ നിന്നെല്ലാം വ്യത്യസ്തമാണ്. യഥാർത്ഥ സ്വർഗ്ഗരാജ്യം അതിന്റെ മുഴു മഹത്വത്തോടും തേജസ്സോടും നിത്യതയിൽ വെളിപ്പെടുവാൻ പോകുന്നതേയുള്ളു. എങ്കിലും അതിന്റെ മുന്നാസ്വാദനം ഈ ഭൂമിയിൽ വെച്ചു തന്നെ അനുഭവിച്ചു തുടങ്ങുന്നതുമാണ്.

**സ്വർഗ്ഗരാജ്യത്തിന്റെ മൂന്ന് വ്യത്യസ്തമായ പടികൾ**

1. ദൈവസഭ :- ഈ ലോകത്തിൽ വച്ചു തന്നെ വിശ്വാസിക്ക് സ്വർഗ്ഗരാജ്യത്തിന്റെ അനുഭവങ്ങളെ കുറഞ്ഞ അളവിൽ ആസ്വദിക്കാൻ കഴിയുന്ന ഇടമാണ് ദൈവസഭ. ഇതൊരു ആത്മീയ അനുഭവമാണ്.

2. ആയിരം ആണ്ട് വാഴ്ച: - "നിന്റെ രാജ്യം വരേണമെ" എന്ന് പ്രാർത്ഥിക്കുവാൻ യേശു പഠിപ്പിച്ചതിൽ നിന്നും സ്വർഗ്ഗരാജ്യം എന്നത് ദൈവം ഭൂമിയിലും സ്ഥാപിക്കുന്ന രാജ്യമാണെന്ന് വ്യക്തമാണല്ലോ. യേശു രാജാവായി ഭൂമിയെ അടക്കിഭരിക്കുന്ന ഒരു കാലം വരുന്നു. ആയിരം ആണ്ട് മുഴുവൻ അതുണ്ടായിരിക്കും.

3. നിത്യമായ ദൈവരാജ്യം (നിത്യത):- "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും, ഒന്നാമത്തെ ഭൂമിയും കഴിഞ്ഞുപോയി. സമുദ്രവും ഇനിയില്ല. പുതിയ യെരുശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയേപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്നുതന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നും ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടു; ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെയിരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീരെല്ലാം തുടച്ചുകളയും. ഇനി മരണമുണ്ടാകുകയില്ല. ദു:ഖവും, മുറവിളിയും, കഷ്ടതയും ഇനിയുണ്ടാകയില്ല. ഒന്നാമത്തേത് കഴിഞ്ഞുപോയി. ഇതാ ഞാൻ സകലതും പുതുതാക്കുന്നു" (വെളി.21:1-5). നിത്യതയിൽ സർവ്വ മഹത്വത്തോടെയും, തേജസ്സോടെയും വെളിപ്പെടുന്ന ദൈവരാജ്യം എത്ര സുന്ദരമാണ്.

**സ്വർഗ്ഗം എവിടെ?**

യേശ.14:13,14-ൽ ലൂസിഫർ എന്ന ദൂതൻ സ്വർഗ്ഗത്തിൽ കയറാൻ ശ്രമിച്ചതും അവൻ ദൈവത്തിന്റെ വെട്ടേറ്റ് വീണതും പിശാചിന്റെ ഉത്ഭവത്തെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ **നക്ഷത്രങ്ങൾക്കു മീതെ** വെയ്ക്കും. **ഉത്തരദിക്കിന്റെ അതിർത്തിയിൽ** സമാഗമപർവ്വതത്തിന്മേൽ ഞാനിരുന്നരുളും. ഞാൻ **മേഘങ്ങൾക്ക് മീതെ** കയറും. ഞാൻ അത്യുന്നതനോട് സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്." സ്വർഗ്ഗം എവിടെയാണെന്ന് ലൂസിഫറിന് നന്നായി അറിയാമായിരുന്നു.

ഉത്തരദിക്കിൽ = വടക്കുവശത്ത്, മേഘോന്നതങ്ങൾക്കും, നക്ഷത്രങ്ങൾക്കും മീതെ (ഭൂമിക്ക് വെളിയിൽ ആയതിനാൽ ഭൂമി സൂര്യനെ ചുറ്റിക്കൊ



# പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും

പാ. സജി ചെരുവുംകാലാ

ണ്ടിരിക്കുമ്പോഴും സ്വർഗ്ഗം ഉത്തരദിക്കിവൽ വടക്കുവശത്തു തന്നെ കാണും). "കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നുമല്ല, തെക്കുനിന്നുമല്ല ഉയർച്ച വരുന്നത്" (സങ്കീ.75:6). എങ്കിൽ വടക്കുനിന്നായിരിക്കണമല്ലോ രക്ഷ വരുന്നത്. "ഉത്തരദിക്കിനെ ദൈവം ശൂന്യത്തിന്മേൽ വെച്ചിരിക്കുന്നു. ഭൂമിയെ നാസ്തിത്വത്തിന്മേൽ കൂട്ടുന്നു" (ഇയ്യോ.26:7)."തന്റെ സിംഹാസനത്തിന്റെ ദർശനം അവൻ മറച്ചുവെയ്ക്കുന്നു. അതിന്മേൽ തന്റെ മേഘമിരിക്കുന്നു'' (ഇയ്യോ.26:9). ദൈവം തന്റെ സിംഹാസനത്തെ മേഘംകൊണ്ട് മറച്ചിരിക്കുന്നതുകൊണ്ട് നമുക്ക് കാണുവാൻ കഴിയുന്നില്ല. സ്വർഗ്ഗം കിഴക്കാണെന്ന് തെറ്റിദ്ധരിച്ച് കിഴക്കുനോക്കി പ്രാർത്ഥിക്കുന്ന കത്തോലിക്കാ സഹോദരങ്ങളും ഇതര മതവിശ്വാസികളും ദിശ മാറ്റിപ്പിടിക്കേണ്ടിവരും.

ഇയ്യോബിന്റെ പുസ്തകം 26:9-ൽ ദൈവം മേഘംകൊണ്ട് സ്വർഗ്ഗത്തെ മറച്ചിരിക്കുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതേ ദൈവം തന്നെ ചിലർക്കു സ്വർഗ്ഗം തുറന്ന് ദർശനം നൽകിയിട്ടുമുണ്ട്. യെഹ.1:1 പ്രവാചകനായ യെഹസ്ക്കേലിലും, അപ്പൊ.7:56-ൽ സ്തേഫാനോസും, വെളി.4:1, 11:9, 19:11 വാക്യങ്ങളിൽ അപ്പൊസ്തലനായ യോഹന്നാനും സ്വർഗ്ഗം തുറന്ന് ദർശനം കണ്ടിട്ടുണ്ട്. 2 കൊരി.12:2-4 വിശുദ്ധ പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ട് സ്വർഗ്ഗീയ ദർശനം കണ്ടു. യോഹ.1:51-ൽ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്ന് യേശുവിന്റെ വാക്കുകൾ നമുക്കോർക്കാം. സ്വർഗ്ഗമെന്നത് ഒരു മിഥ്യയല്ല, യാഥാർത്ഥ്യമാണ്!

**സ്വർഗ്ഗം എത്ര?**

ഒന്നേയുള്ളു എന്നാണ് പല ക്രിസ്ത്യാനികളുടെയും വിശ്വാസം. ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായം 1-ാം വാക്യം ഇംഗ്ലീഷ് പരിഭാഷയിൽ In the begining, God created the heavens and the earth (NIV Bible) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. heavens എന്നതിൽ നിന്നും ഒന്നിലധികം സ്വർഗ്ഗങ്ങളുണ്ട് എന്ന് മനസ്സിലാക്കാം. ഗ്രീക്കിൽ Shamayim എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ വാക്കിന് ഒന്നിലധികം എന്നുതന്നെയാണ് എന്ന് മനസ്സിലാക്കാം. വിശുദ്ധ പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു എന്ന് 2 കൊരി.12:2-4 വാക്യങ്ങളിൽ കാണുന്നതുകൊണ്ട് സ്വർഗ്ഗം ചുരുങ്ങിയത് മൂന്നെണ്ണമെങ്കിലും ഉണ്ടെന്ന് വ്യക്തമാകുന്നു. യേശ.14:13,14-ലെ ലൂസിഫറിന്റെ വാക്കുകളിലും അത് വ്യക്തമാണ്.

1. ഞാൻ മേഘങ്ങൾക്കുമീതെ കയറും - അന്തരീക്ഷമണ്ഡലം
2. നക്ഷത്രങ്ങൾക്കു മീതെ - ശൂന്യാകാശം
3. സമാഗമപർവ്വതത്തിന്മേൽ - പറുദീസ അഥവാ മൂന്നാം സ്വർഗ്ഗം. ഈ മൂന്നാം സ്വർഗ്ഗത്തോളമാണ് പൗലൊസ് എടുക്കപ്പെട്ടത്.

**സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും**

സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നുതന്നെയാണെന്ന് ധരിച്ചിരിക്കുന്ന അനേകം വിശ്വാസികളുണ്ട്. മത്താ.16:16 മുതലുള്ള വാക്യങ്ങളിൽ യേശു ആരെന്ന ചോദ്യത്തിന് പത്രൊസ് പറയുന്ന മറുപടി "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു'' എന്നാണ്. തുടർന്ന് യേശുവിന്റെ വാക്കുകൾ പരിജ്ഞാനത്തോടെ മനസ്സിലാക്കാത്ത കത്തോലിക്കാസഭ "നീ പത്രൊസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും'' എന്ന 18-ാം വാക്യത്തെ, പത്രൊസെ നീ പാറയാകുന്നു എന്നും, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു എന്ന 19-ാം വാക്യത്തെ സ്വർഗ്ഗത്തിന്റെ താക്കോൽ പത്രൊസിനെ ഏല്പിച്ചു എന്നും പത്രൊസ് എന്ന പാറമേലാണ് സഭ പണിയപ്പെട്ടത് എന്നും പഠിപ്പിക്കുന്നു.

മത്താ.16:16 മുതൽ സൂക്ഷ്മമായി പഠിച്ചാൽ യേശു അവനോട് "ബർയോനാ ശീമോനെ നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് **വെളിപ്പെടുത്തിയത്.** നീ പത്രൊസ് ആകുന്നു. ഈ പാറമേൽ (യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന വെളിപാടിന്റെമേൽ) ഞാൻ എന്റെ സഭയെ പണിയും. ബൈബിൾ ക്രിസ്തു വെളിപ്പാടിനാൽ നിറഞ്ഞിരിക്കുന്നു. ആരാണ് യേശു? "അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വസൃഷ്ടികൾക്കും ആദ്യജാതനും സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും, സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരവും അവനായിട്ടും സൃഷ്ടിക്കപ്പെട്ടു" (കൊളൊ.1:15-16). ''അവൻ സർവ്വത്തിനും മുമ്പേയുള്ളവൻ സകലത്തിനും ആധാരമായിരിക്കുന്നു. അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു.'' "അമ്മയി



# പത്രോസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും


പാ. സജി ചെരുവുംകാലാ

ല്ലാതെ എങ്ങനെ മകനുണ്ടാകുമെന്ന്'' വചനപരിജ്ഞാനം അല്പംപോലുമില്ലാത്ത മാനുഷികചിന്തയ്ക്കുമേലല്ല, ക്രിസ്തു സാക്ഷാൽ ദൈവമാണെന്നുള്ള വെളിപ്പാടിന്റെമേലാണ് കർത്താവ് സഭയെ പണിതത്. അതിനെ തകർക്കാൻ പാതാളഗോപുരങ്ങൾക്ക് സാധ്യമല്ല. ആഴത്തിൽ കുഴിയെടുത്ത് **ക്രിസ്തുവിന്റെ വചനമെന്ന പാറമേൽ** അടിസ്ഥാനമിടാത്ത പണികൾ തകർന്നുപോകുമെന്ന് മത്താ.7:25 വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

"മനുഷ്യൻ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ **ജീവനുള്ള കല്ലായ അവന്റെ** അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകളെന്നപോലെ ....... (1 പത്രൊ.2:4,5) **ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ** നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫേ.2:20) "വീട് പണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞിട്ട് കോണിന്റെ **മൂലക്കല്ലായിത്തീർന്ന കല്ല് ഇവൻതന്നെ"** (അപ്പൊ.4:11). "എല്ലാവരും ഒരേ ആത്മീകപാനീയം കുടിച്ചു. **അവരെഅനുഗമിച്ച ആത്മീകപാറയിൽ നിന്നല്ലോ അവർ കുടിച്ചത്. ആ പാറ ക്രിസ്തുവായിരുന്നു"** (1 കൊരി.10:4).

മത്താ.16:19 ''സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു. നീ ഭൂമയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും."

സ്വർഗ്ഗരാജ്യം എന്നാൽ സ്വർഗ്ഗമെന്നല്ല അർത്ഥം. മറ്റ് സുവിശേഷങ്ങളിൽ സ്വർഗ്ഗരാജ്യം എന്നതിന് പകരം ദൈവരാജ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മത്തായി ദൈവരാജ്യം എന്ന വാക്ക് വളരെ ചുരുക്കമായി മാത്രമേ ഉപയോഗിച്ചിട്ടുള്ളു. കാരണം മത്തായി യഹൂദന്മാർക്കുവേണ്ടി യേശുവിന്റെ ചരിത്രമെഴുതി. യഹൂദന്മാർക്ക് അവരുടെ വംശാവലി പ്രിയമുള്ളതായതുകൊണ്ട് സുവിശേഷത്തിന്റെ ആദ്യഭാഗത്തുതന്നെ മത്തായി അത് രേഖപ്പെടുത്തി. അബ്രഹാമിനെ ദൈവം വിളിച്ചതും അബ്രഹാമിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയുമാണ് യഹൂദജാതിയുടെ ഉദയത്തിന് തന്നെ കാരണമായിരിക്കുന്നു എന്നതുകൊണ്ട് യേശു അബ്രഹാമിന്റെയും ദാവീദിന്റെയും മകനാണെന്നും യേശുവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങളും പഴയനിയമത്തിലെ പ്രവചനമനുസരിച്ചാണെന്നും മത്തായി ഉറപ്പിക്കുന്നു. മശിഹാ





# പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും

പാ. സജി ചെരുവുംകാലാ

കന്യകയുടെ മകനായി ജനിക്കും (യേശ.7:14) ബെത്ലഹേമിൽ ജനിക്കും (മിഖാ.5:2) മിസ്രയീമിലേക്ക് ഓടിപ്പോകും (ഹോശ.11:1) യേശുവിന്റെ ജനനത്തിങ്കൽ ശിശുക്കൾ വധിക്കപ്പെടും (യേശ.31:15). പഴയനിയമകാലത്ത് നിലവിലില്ലാതിരുന്ന 'നസ്രത്ത്' എന്ന പട്ടണത്തിൽ യേശു വളർന്നുവെന്നും മത്തായി ചൂണ്ടിക്കാണിക്കുന്നു. യേശ.11:1-ൽ 'കൊമ്പ്' എന്നതിന് എബ്രായഭാഷയിൽ 'Nezer' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനെ വിവരിച്ചുകൊണ്ട് 'നസ്രായേൻ' എന്ന് വിളിക്കപ്പെട്ടു എന്നുകൂടി മത്തായി വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ നാമം വൃഥാ ഉപയോഗിക്കരുത് എന്ന കല്പന പ്രകാരം യഹൂദർ ദൈവം എന്ന പേര് ഉച്ചരിക്കാൻ ഭയപ്പെട്ടിരുന്നു. ആയതിനാൽ ദൈവം എന്നതിന് പകരം കർത്താവ് എന്ന് ഉപയോഗിച്ചു. മത്തായി ദൈവരാജ്യം എന്നതിന് പകരം സ്വർഗ്ഗരാജ്യം എന്ന് ഉപയോഗിച്ചു എന്നുമാത്രം. പത്രൊസിന് ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല ദൈവരാജ്യത്തിന്റെ (സ്വർഗ്ഗരാജ്ത്തിന്റെ) താക്കോലാണ്.

ദൈവരാജ്യം എന്നാൽ എന്ത്? "ദൈവരാജ്യം എന്നാൽ ഭക്ഷണവും പാനീയവുമല്ല നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രേ" (റോമ.14:17). പെന്തക്കൊസ്ത് നാളിൽ ഈ ആത്മീകദൈവരാജ്യം ശക്തിയോടെ ഭൂമിയിലിറങ്ങിവന്നു (അപ്പൊ.2:1-4). "ദൈവരാജ്യം ശക്തിയോടെ വരുന്നത് കാണുവോളം മരണം ആസ്വദിക്കാത്ത ചിലർ ഈ നിൽക്കുന്നവരിലുണ്ട് എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു" (മർക്കോ.9:1). യൂദാസ് ഒഴികെയുള്ള ശിഷ്യന്മാർ അന്ന് ജീവനോടെയുണ്ടായിരുന്നു. 120 പേർ ആദ്യമായി ദൈവരാജ്യാനുഭവത്തിലായി. അവരുടെ ആരാധനാശബ്ദം കേട്ട് ഓടിക്കൂടിയവരിൽ മൂവായിരത്തോളംപേർ രക്ഷ പ്രാപിക്കാൻ ഞങ്ങളെന്ത് ചെയ്യേണ്ടു എന്ന് ചോദിച്ചതിന് പത്രൊസ്: നിങ്ങൾ പാപങ്ങൾ ഏറ്റുപറഞ്ഞ് യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റാൽ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്കും ലഭിക്കും എന്ന് പറഞ്ഞു. പത്രൊസ് ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുള്ള വാതിൽ തുറന്നു. മൂവായിരം പേർ ആത്മീകദൈവരാജ്യത്തിൽ (ദൈവസഭയിൽ) പ്രവേശിച്ചു.

പീലിപ്പോസിന്റെ പ്രസംഗം നിമിത്തം ശമര്യർ മാനസാന്തരപ്പെട്ട് സ്നാനമേറ്റു. എന്നാൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചില്ല. കാരണം അവർക്കായി തുറക്കേണ്ടത് പത്രൊസാണ്. യെരുശലേമിൽ നിന്ന് പത്രൊസും യോഹന്നാനും വന്ന് അവർക്കായി



LOVE
SUPPORT US

To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034



# പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും

പാ. സജി ചെരുവുംകാലാ

പ്രാർത്ഥിച്ചു. അവർ ആത്മനിറവ് പ്രാപിച്ചു (അപ്പൊ.8:14-17).

ദൈവം ജാതികൾക്കായി ദൈവരാജ്യത്തിന്റെ വാതിൽ തുറക്കുവാൻ തിരുമനസ്സായപ്പോൾ പത്രൊസിനെ കൊർണേലിയോസിന്റെ ഭവനത്തിലേയ്ക്കയച്ചു. യേശുക്രിസ്തുവിന്റെ നാമത്തിൽ പാപവിമോചനം ലഭിക്കുമെന്ന സുവിശേഷം പത്രൊസ് പ്രസംഗിച്ചു തുടങ്ങിയപ്പോൾതന്നെ ആത്മാവ് അവരുടെ മേൽ വന്നു. അവർ പിന്നീട് സ്നാനമേറ്റു (അപ്പൊ.10:43-48). ദാഹിക്കുന്നവരെല്ലാം എന്റെയടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവരുടെയുള്ളിൽ നിന്നും തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികളൊഴുകും (യോഹ.7:37-38). അക്ഷരാർത്ഥത്തിലുള്ള ദൈവരാജ്യം താമസംവിനാ ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടും. അതിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ആത്മീക ദൈവരാജ്യത്തിൽ ഇപ്പോൾ തന്നെ പ്രവേശിച്ചേ മതിയാകൂ............ പത്രൊസിന് ലഭിച്ചത് സ്വർഗ്ഗത്തിന്റെ താക്കോലല്ല; നീതിയും, സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമുള്ള ദൈവരാജ്യത്തിന്റെ (ദൈവസഭയുടെ താക്കോലാണ്). കർത്താവായ യേശുക്രിസ്തുവിന്റെ കാൽവരിമരണത്തിൽ വിശ്വസിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നവർ നിത്യജീവൻ പ്രാപിക്കും എന്ന സുവിശേഷമാണ് ആ താക്കോൽ. യഹൂദർ, ശമര്യാക്കാർ ജാതികളെല്ലാം ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഈ താക്കോലാണ് ഉപയോഗിച്ചത്.

**പെന്തക്കൊസ്ത് നാളിൽ സ്ഥാപിച്ച സത്യസഭയേത്? അതിന്റെ അടിസ്ഥാന ഉപദേശമെന്ത്?**

ക്രൂശിക്കപ്പെട്ടു എങ്കിലും യേശു ഉയിർത്തെഴുന്നേറ്റു എന്നും യേശുവിനെ പിതാവ് കർത്താവും ക്രിസ്തുവുമാക്കി വെച്ചു എന്ന (അപ്പൊ.2:36) പത്രൊസിന്റെ പ്രസംഗം കേട്ട് ഹൃദയം നുറുങ്ങി അനുതപിച്ച് രക്ഷയ്ക്കുവേണ്ടി യാചിച്ചവരോട് പത്രൊസ്: "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപ്പിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.2:38). **ഈ വക്രതയുള്ള തലമുറയിൽ നിന്നും രക്ഷിക്കപ്പെടുവിൻ** (അപ്പൊ.2:40) എന്ന് പറഞ്ഞു. **"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും, അപ്പം നുറുക്കിയും, പ്രാർത്ഥന കഴിച്ചും പോന്നു"** (അപ്പൊ.2:42). "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (അപ്പൊ.2:47). പത്രൊസിനാൽ ആരംഭിച്ച സഭയുടെ അടിസ്ഥാനം വചനത്തിൽ കണ്ട് കഴിഞ്ഞു. വചനം സത്യമെന്നിരിക്കെ മാമ്മോദീസാ, സ്ഥൈര്യലേപനം, കുമ്പസാരം, കുർബ്ബാന, രോഗീലേപനം, തിരുപ്പട്ടം, വിവാഹം എന്നിവയാണ് തിരുസഭയുടെ അടിസ്ഥാന ഉപദേശമെന്നും പത്രൊസ് സ്ഥാപിച്ച സഭ ഞങ്ങളാണെന്നും പറയുന്നത് പത്രൊസിനെയും ബൈബിളിനെയും പരിഹസിക്കുന്നതിന് തുല്യമല്ലേ. "അതുകൊണ്ട് നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# പത്രൊസും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലും

പാ. സജി ചെരുവുംകാലാ

മാനസാന്തരം, ദൈവത്തിങ്കലേ വിശ്വാസം, സ്നാനങ്ങളേക്കുറിച്ചുള്ള ഉപദേശം, കൈവെപ്പ്, മരിച്ചവരുടെ പുനരുത്ഥാനം, നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടരുതെന്ന്" (എബ്രാ.6:1,2) ബൈബിൾ ശക്തമായി താക്കീത് നൽകുന്നു.

സ്നേഹിതാ താങ്കളുടെ സഭയുടെ പേര് എന്താണ് എന്നതല്ല പ്രശ്നം. ആ സഭ ദൈവവചനത്തിലും പുതിയനിയമത്തിലെ ഉപദേശത്തിലുമാണോ നിലനിൽക്കുന്നത് എന്നതാണ് പ്രധാനം. എങ്കിൽ മാത്രമേ താങ്കൾ യേശുവിന്റെ മണവാട്ടിയാം സത്യസഭയുടെ ഭാഗമാവുകയുള്ളു. "നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാ പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച? വെളിച്ചത്തിന് ഇരുളിനോട് എന്തൊരു കൂട്ടായ്മ. ക്രിസ്തുവിനും ബലിയാലിനും തമ്മിൽ എന്ത് പൊരുത്തം? അല്ല വിശ്വാസിക്ക് അവിശ്വാസിയുമായി എന്ത് ഓഹരി? ദേവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് യോജ്യത?" (2 കൊരി.6:14,16). "അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായതൊന്നും തൊടരുത്. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ട് നിങ്ങൾക്ക് പിതാവും നിങ്ങൾ എനിക്ക് പുത്രന്മാരും, പുത്രിമാരും ആയിരിക്കും" (2 കൊരി.6:17,18).

ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ യേശു മനുഷ്യനെ വേർതിരിക്കുന്ന സംഭവം തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രക്ഷിക്കപ്പെടാത്തവരെല്ലാം അന്ത്യനായവിധി ദിവസം വെള്ളസിംഹാസനത്തിനു മുമ്പിൽ വന്ന് നിൽക്കും. ദൈവവചനമായ ബൈബിൾ തുറക്കും. ഓർമ്മയുടെ പുസ്തകം തുറക്കും (മലാ.3:16). ജീവന്റെ പുസ്തകവും തുറക്കും (വെളി.20:12). പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിന് ഒത്തവണ്ണം മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവരെയും തീപ്പൊയ്കയിൽ തള്ളിയിടും (വെളി.20:15).

''അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല" (റോമ.8:1). നാം വെളിപ്പെടാനിരിക്കുന്ന പുതിയ യെരുശലേമിൽ (നിത്യതയിൽ) യേശുവിനോടു കൂടെ വാഴും. "ഞാനുണ്ടാക്കുവാനുള്ള ദിവസത്തിൽ അവർ എനിക്ക് ഒരു നിക്ഷേപമായിരിക്കും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ഒരു മനുഷ്യൻ തനിക്ക് ശുശ്രൂഷ ചെയ്യുന്ന മകനെ ആദരിക്കുന്നതുപോലെ ഞാൻ അവരെ ആദരിക്കും. അപ്പോൾ നിങ്ങൾ നീതിമാനും ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വീണ്ടും കാണും" (മലാ.3:17,18).

**"ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും; മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കുമുന്നിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക" (എബ്രാ.12:1,2). കർത്താവ് നമ്മെ അനുഗ്രഹിക്കട്ടെ.**



# കൃപയുടെ ഉറവിടം

പാ. ബാബു പയറ്റനാൽ

(24-ാം പേജിൽ നിന്നും തുടർച്ച)

നമുക്ക് നമ്മുടെ കാലത്തുള്ള ദൈവത്തിന്റെ യഥാർത്ഥ സുവിശേഷം തിരിച്ചറിയാൻ കഴിയാതെപോകും. കൃപയിൽ നിന്ന് വീണുപോകും.

"ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രിസ്തുവിനോട് വേർപെട്ടുപോയി; നിങ്ങൾ കൃപയിൽ നിന്ന് വീണുപോയി" (ഗലാ.5:4). "പുരുഷന്മാരേ, നിങ്ങൾ എത്രത്തോളം എന്റെ മാനത്തെ നിന്ദയാക്കി മായയെ ഇച്ഛിച്ച് വ്യാജത്തെ അന്വേഷിക്കും? യഹോവ ഭക്തനെ തനിക്ക് വേർതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും. നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പിൻ" (സങ്കീ.4:2-4). "നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായി തീരരുത് എന്ന് ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു" (2 കൊരി.6:1).

ക്രിസ്തുയേശുവിൽ വിശുദ്ധജീവിതം നയിക്കുന്നവരുടെ സംസാരം (പ്രസംഗം) മറ്റുള്ളവർക്ക് കൃപ (അഭിഷേകം) ലഭിപ്പാനിടവരും. "കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മീകവർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽനിന്ന് പുറപ്പെടരുത്" (എഫേ.4:29). "ഞാൻ സംസാരിച്ചുതുടങ്ങിയപ്പോഴേക്ക് പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെമേലും വന്നു" (അപ്പൊ.11:15).

കൃപ ലഭിച്ചവർക്ക് ദൈവം കൃപാവരങ്ങൾ നൽകുന്നു. എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ട്; ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ. വീര്യപ്രവൃത്തികളിൽ വ്യത്യാസമുണ്ട്; എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. "ഒരുത്തൻ ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നൽകപ്പെടുന്നു; വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം; മറ്റൊരുവന് വീര്യപ്രവൃത്തികൾ; മറ്റൊരുവന് പ്രവചനം; മറ്റൊരുവന് ആത്മാക്കളുടെ വിവേചനം; വേറൊരുവന് പലവിധ ഭാഷകൾ; മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. എന്നാൽ ഇതെല്ലാം പ്രവർത്തിക്കുന്നത്, താൻ ഇച്ഛിക്കുംപോലെ അവനവന് അതതു വരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവുതന്നെ" (1 കൊരി.12:8-11). "അതുകൊണ്ട് കരുണ ലഭിപ്പാനും കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനടുത്തുചെല്ലുക. ആത്മീക പ്രവൃത്തികളാൽ ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കുക. ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" (എബ്രാ.4:16). "അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണമെന്ന് നിന്നെ ഓർമ്മപ്പെടുത്തുന്നു. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്" (2 തിമൊ.1:6-7). "എന്റെ മകനേ ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" (2 തിമൊ.2:1). "നിങ്ങൾക്ക് ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥമായി തീരരുത് എന്ന് ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു" (2 കൊരി.6:1). "ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്ക് വരുവാനുള്ള കൃപയിൽ പൂർണ്ണ പ്രത്യാശ വെച്ചുകൊൾവിൻ. പണ്ട് നിങ്ങളുടെ അജ്ഞാനകാലത്തുണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധനൊത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നെഴുതിയിരിക്കുന്നുവല്ലോ" (1 പത്രൊ.1:13-16).

ബൈബിളിലെ ഏറ്റവും അവസാനത്തെ വാക്യവും കൃപയെക്കുറിച്ചാണ്. "കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ; ആമേൻ" (വെളി.22:21). ഇവിടെ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ യെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് നാം ഒരു മഹാകാര്യം അറിയുന്നു. ദൈവത്തിനല്ലാതെ മറ്റാർക്കും മനുഷ്യന് കൃപ നൽകാൻ കഴിയില്ല.

നമുക്ക് കൃപ നൽകുന്ന നമ്മുടെ കൂടെ വസിക്കുന്ന യേശുക്രിസ്തു മഹാദൈവം തന്നെ. "നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും ..........." (തീത്തോ.2:12). "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ" (1 തെസ്സ.5:28)●

# NEWS വാർത്തകൾ

## ഐസക് ന്യൂട്ടൺ ശലോമോന്റെ ദൈവാലയത്തെക്കുറിച്ച് ഗവേഷണം നടത്തിയിരുന്നു.

യെരുശലേം: ലോകപ്രശസ്ത ഭൗതികശാസ്ത്രജ്ഞനായിരുന്ന ഐസക് ന്യൂട്ടൺ തന്റെ കണ്ടുപിടുത്തങ്ങൾക്ക് പ്രചോദനം ലഭിക്കാനായി ശലോമോൻ രാജാവിന്റെ യെരൂശലേം ദേവാലയ നിർമ്മാണത്തെക്കുറിച്ച് ഗവേഷണം നടത്തിയിരുന്നതായി യഹൂദ വംശജനും യിസ്രയേലിലെ പ്രശസ്ത ശാസത്രജ്ഞനുമായ സോൽ കുള്ളക് അഭിപ്രായപ്പെടുന്നു. നിരവധി കണ്ടുപിടുത്തങ്ങളുടെ പേറ്റന്റിന്റെ അവകാശിയായ കുള്ളക് ഐസക് ന്യൂട്ടണെക്കുറിച്ച് കൂടുതൽ പഠിച്ചതിനുശേഷമാണ് ഈ വിലയിരുത്തലിലേക്ക് കടന്നതെന്ന് പറയുന്നു. ശലോമോൻ ദേവാലയനിർമ്മാണത്തിനായി തയ്യാറാക്കിയ സ്കെച്ചും പ്ലാനും ശാസ്ത്രീയ തത്വങ്ങളും ഐസക് ന്യൂട്ടൺ തന്റെ ഗവേഷണത്തിന്റെ ഗണിതകലാവാസനക്ക് പരമാവധി പ്രയോജനപ്പെടുത്തിയത് ആധുനിക ശാസ്ത്രത്തിന് അടിയ്ഥാനമിടുവാൻ സഹായിച്ചതായി കുള്ളക് അഭിപ്രായപ്പെടുന്നു. വേദപുസ്തകവും തന്റെ രചനാപുസ്തകങ്ങളുമായി താൻ വേർതിരിവ് കാണുന്നില്ല. ദൈവമില്ലാതെയുള്ള ചിന്തയുമായി ശാസ്ത്രത്തെ വിലയിരുത്താനാവില്ല. യഹൂദചിന്തയിൽ എല്ലാറ്റിന്റെയും സാരം ദൈവമാണ്. തോറയും ശാസ്ത്രവും സമാന്തരമാണ്. പല ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുന്നത് ബൈബിലിൽ നിന്നുമാണ്. കുള്ളക് ഉറപ്പിച്ചുപറയുന്നു.

17–ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബ്രട്ടീഷ് ശാസ്ത്രജ്ഞനാണ് സർ ഐസക് ന്യൂട്ടൺ. എല്ലാ ശാസ്ത്രീയ തത്വങ്ങൾക്കും ഐസക് ന്യൂട്ടണന്റെ സ്വാധീനമുണ്ടായിരുന്നു. അത് പ്രയോജനമായിരുന്നു. ഗണിതശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, ദൈവശാസ്ത്രപണ്ഡിതൻ, എഴുത്തുകാരൻ, ഭൗതികശാസ്ത്രജ്ഞൻ എന്നീ നിലകളിലായിരുന്നു ന്യൂട്ടൺ അറിയപ്പെട്ടിരുന്നത്. അദ്ദേഹം ദൈവഭക്തനായിരുന്ന ക്രിസ്ത്യാനിയായിരുന്നു. കൂടാതെ വേദപുസ്തകം അതിന്റെ മൂലഭാഷയായ ഹീബ്രുവിൽ തന്നെ അദ്ദേഹം പഠിപ്പിച്ചിരുന്നു. 1728–ൽ മരിച്ചതിനുശേഷം പുറത്തിറക്കിയ 'The chronol-ogy of ancient kingdoms' എന്ന പുസ്തകത്തിൽ 4–ാം അദ്ധ്യായം 'A discription of the temple Solomn' നിൽ ശലോമോന്റെ ദേവാലയനിർമ്മാണത്തെക്കുറിച്ച് വിവരിക്കുന്ന ഭാഗങ്ങളിൽ ന്യൂട്ടൺ എത്രമാത്രം ഗവേഷണം നടത്തിയെന്ന് വ്യക്തമാകുന്നതായി കുള്ളക് പറയുന്നു.

ശലോമോൻ ദേവാലയം നിർമ്മിക്കാനായി ക്ഷേത്രഗണിതം അനുയോജ്യമായ അളവിൽ തന്നെ ഉപയോഗിച്ചത് ഒരു ശാസ്ത്രീയ തത്വത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇത് മനസ്സിലാക്കിയ ന്യൂട്ടൺ തന്റെ ജോലിയിലും ഇതേ മാതൃക പിൻതുടർന്നു. ഇതിൽ ശലോമോൻ ദേവാലയത്തിനകത്ത് പണിത യാഗപീഠങ്ങളെക്കുറിച്ചും ന്യൂട്ടൺ ഗഹനമായി നിരീക്ഷിച്ചിരുന്നു. "അവൻ ഒരു വാർപ്പുകടലും ഉണ്ടാക്കി, അത് വൃത്താകാരമായിരുന്നു. അതിന് വക്കോട് വക്ക് പത്ത് മുഴവും, ഉയരം അഞ്ച് മുഴവും ചുറ്റും മുപ്പത് മുഴം നീളവുമുണ്ടായിരുന്നു" (2 ദിന.4:2) എന്ന ബൈബിൾ പ്രസ്താവിച്ചിരുന്ന വേദഭാഗം ന്യൂട്ടണിൽ സ്വാധീനിച്ചു. ഇങ്ങനെ ദേവാലയവുമായി ബന്ധപ്പെട്ടിട്ടുള്ള പല കാര്യങ്ങളിലും ന്യൂട്ടന്റെ കണ്ണുകൾ പതിഞ്ഞിട്ടുണ്ടെന്നും കുള്ളക് പറയുന്നു.

കടപ്പാട്: പ്രവാചകശബ്ദം


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ഇനിയുമൊരു മഹാപ്രളയത്തിനു മുൻപ്...



പാ. രാധാകൃഷ്ണൻ

നീതിപീഠത്തിൽ നിന്നൊഴുകിയെത്തീ ദയ–
യാദിപ്രളയത്തിൻ മുൻപേ;
തിന്നും കുടിച്ചും രമിച്ചും മദിച്ചവർക്ക –
ന്യമായ് സത്യം, വിശുദ്ധി.
സത്യദൈവത്തിന്റെ ദൂതുമായെത്തിയെ –
ന്നേശുവിൻ നിഴലായി നൗഹൻ;
വേദപരംപൊരുൾ സ്നേഹസ്വരൂപന്റെ
നീതിയി,നന്നാർക്കുവേണം!
ആർത്തിരമ്പീ കുതിച്ചെത്തീ വാപിളർ –
ന്നെല്ലാം വിഴുങ്ങി പ്രളയം.......
ജലധിയുടെയാഴേ ശവക്കുഴി തീർത്തിന്നു –
മൊരു മഹാപ്രളയം കഴിഞ്ഞു;
ഒഴുകി നടക്കും കബന്ധങ്ങൾ നീർച്ചാലിൽ
ലോകമേ കൺതുറന്നീടൂ......
(ഇതു സമകാലീനം, ഇനി വരുവാനിരിക്കുന്നതോ...)
ആർത്തിരമ്പി  കുതിച്ചെത്തുന്നൂ വാപിളർ–
ന്നെല്ലാം വിഴുങ്ങുന്നൊരഗ്നി;
നിഴലല്ല യാഥാർത്ഥ്യമറിയുകെൻ സോദരേ,
ഒരു മഹാ പ്രളയം വരുന്നൂ..........
ഭൂമിയുടെ ആഴങ്ങൾ പൊട്ടി പിളർന്നുള്ളൊ–
രാദി മഹാ പ്രളയമല്ല;
നൗഹന്റെ കീൽ തേച്ച പെട്ടകം നിൽക്കില്ല,
സർവ്വശ്വാസ നിശ്വാസം നിലയ്ക്കും;
അണയുവാനോടിയൊളിക്കുവാനെവിടെയും
ശേഷിക്കയില്ലൊരറാത്തുമോർക്കുക!
ഒലിവില്ല ചില്ലതൻ ദൂതുമായെത്തില്ലി–
തൊരു പ്രാവുമിക്ഷിതി തന്നിൽ.
പെരുമഴ ചാർത്തുപോൽ പെയ്തിറങ്ങുമഗ്നി
നക്കിത്തുടച്ച് നുണഞ്ഞിടും ഭൂമിയെ,
ആർത്തിരമ്പി കുതിച്ചെത്തുന്നൂ വാപിളർ–
ന്നെല്ലാം വിഴുങ്ങുന്നൊരഗ്നി.
ഒരു നവഭൂമിയിൽ വാനിതിൽ ചേരുവാ–
നിരുകരംനീട്ടി വിളിക്കുന്നു രക്ഷകൻ;
വിശ്വത്തെ മൂടും പ്രളയത്തെ വെന്നവൻ
വിശ്വേക ശില്പിയാം ലോകൈക രക്ഷകൻ;
യോർദ്ദാന്റെയാഴത്തിൽ നിന്നും കരേറിയോൻ
ക്രൂശിലെ രക്ത നദി കടന്നെത്തിയോൻ;
പച്ച മരതക വില്ലിന്റെ ശോഭയിൽ
കാണുക ജേതാവിതാരാധ്യനേശുവെ.

ATHMABHISHEKAM MONTHLY
2018 SEPTEMBER
RNI NO. KER - MAL/2003/12060

Rs.20.00

Registration No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th SEPTEMBER 2018

ഭാരതീയരെയെല്ലാം കേരളീയരാക്കിയ മഹാപ്രളയം

ആരും സുരക്ഷിതരല്ല എന്ന് ബോധം വരുത്തിയ പ്രളയം

ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ, ധനികനെന്നോ ദരിദ്രനെന്നോ വേർതിരിക്കാതെ എല്ലാവരെയും ബാധിച്ച പ്രളയം.......

കൈ കൊടുക്കുമ്പോൾ ജാതി ചോദിക്കാതെ സഹോദരാ. സഹോദരീ എന്ന് വിളിപ്പിച്ച പ്രളയം

അനാഥാലയത്തിൽ താമസിക്കുന്ന മാതാപിതാക്കളെയും ബംഗ്ലാവിൽ താമസിക്കുന്ന മകനെയും കുടുംബത്തെയും ഒരേ കൂരയ്ക്കുകീഴിൽ കൂട്ടിവരുത്തിയ പ്രളയം

ദൈവം ഈ ചെയ്തത് എന്ത് എന്ന ചോദ്യം നാവിൻതുമ്പിൽ ഇരിക്കുമ്പോൾ തന്നെ നാം ഈ ദൈവത്തോട് ചെയ്തത് എന്ത് എന്ന് സ്വന്ത മന:സ്സാക്ഷിയോടുള്ള ചോദ്യത്തിന് ഉത്തരം തയ്യാറാക്കി വെച്ചിട്ടുണ്ടോ?

കഷ്ടിച്ചു രക്ഷപ്പെട്ടവരുടെ "എന്റീശ്വരാ..." എന്ന നിലവിളിയുടെ ആശ്വാസം രണ്ടുദിവസംകൂടി മഴ തോരാതിരുന്നെങ്കിൽ.... ആലോചിക്കാൻ പോലും വയ്യാതെ "എന്റെ ദൈവമേ..." എന്ന ആശ്വാസത്തിന്റെ തേങ്ങൽ.

ഈ തേങ്ങലുകളെ നെഞ്ചിലേറ്റി കക്ഷിരാഷ്ട്രീയങ്ങൾക്കും അധികാരങ്ങൾക്കും ജാതി മതവർഗ്ഗവർണ്ണ വ്യത്യാസങ്ങൾക്കും അതീതമായി കേരളമക്കൾ........



Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).